# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# പുതുപ്പാടി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ.കെ.ഡി. പി2/1302/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 05/10/2023
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പുതുപ്പാടി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പുതുപ്പാടി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പുതുപ്പാടി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.കെ.ഡി. പി2/1302/23 തീയ്യതി: 05/10/2023

## കോഴിക്കോട് ജില്ലയിലെ പുതുപ്പാടി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ പുതുപ്പാടി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-11-2022 മുതൽ 05-08-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 35 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 1 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ജോഷോ ബെന്നറ്റ് ജോൺ, കെ.എ.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 07-08-2023 | 14-08-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 07-08-2023 | 14-08-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.കെ. സതീഷ് കുമാർ, ഓഡിറ്റ് ഓഫീസർ
ശ്രീമതി.പ്രസീതകുമാരി. ഓഡിറ്റ് ഓഫീസർ
ശ്രീമതി.ഷൈന എ.കെ. അസി.ഓഡിറ്റ് ഓഫീസർ.
ശ്രീ.ധന്യ.കെ.സീനിയർ ഗ്രേഡ് ഓഡിറ്റർ.
ശ്രീമതി.റെൻസി.ഇ,ഓഡിറ്റർ

ശ്രീമതി,അശ്വതി.ജെ..ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.ആയിഷക്കുട്ടി കെ | പ്രസിഡന്റ് | 01-04-2022 | 11-04-2022 |
| ശ്രീ.ഷംസീർ പോത്താറ്റിൽ | പ്രസിഡന്റ് | 12-04-2022 | 03-05-2022 |
| ശ്രീമതി. ബീന തങ്കച്ചൻ | പ്രസിഡന്റ് | 04-05-2022 | 31-03-2023 |
| ശ്രീ.സുരേഷ് കുമാർ കെ | സെക്രട്ടറി | 01-04-2022 | 20-09-2022 |
| ശ്രീ.സുഭാഷ് കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 21-09-2022 | 19-10-2022 |
| ശ്രീ.ഷാനവാസ്.ഇ | സെക്രട്ടറി | 20-10-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.സുഭാഷ് കെ | അസി.സെക്രട്ടറി | 01-04-2022 | 01-11-2022 |
| ശ്രീ.മനിൽ കുമാർ. കെ.പി | അസി.സെക്രട്ടറി (ചാർജ്) | 02-11-2022 | 12-12-2022 |
| ശ്രീമതി.ഭുവനേശ്വരി.എൻ | അസി.സെക്രട്ടറി | 13-12-2022 | 31-03-2023 |
| ശ്രീ.മുഹമ്മദ് കെ.കെ. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ശ്രീ.അബ്ദുൾ ജലീൽ പി.പി | വി.ഇ.ഒ | 01-04-2022 | 31-03-2023 |
| ശ്രീ.ബാഷൽ | വി.ഇ.ഒ | 01-04-2022 | 15-04-2022 |
| ശ്രീമതി. ഫിലോമിന | വി.ഇ.ഒ | 16-04-2022 | 31-03-2023 |
| ശ്രീമതി.അരണ്യ വി.കെ | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി.ഫസ്ന പാറ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ഡോ.സഫീന മുസ്തഫ | മെഡിക്കൽ ഓഫീസർ-എഫ്.എച്ച്.സി | 01-04-2022 | 31-03-2023 |
| ഡോ.സീമ സെബാസ്റ്റ്യൻ | മെഡിക്കൽ ഓഫീസർ | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| | ആയുർവ്വേദം | | |
| ഡോ.വിവേക് ദേവൻ | മെഡിക്കൽ ഓഫീസർ ഹോമിയോ | 01-04-2022 | 31-03-2023 |
| ഡോ. ഗണേഷ്. | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ദീപ ജോസ് | ഹെഡ് മാസ്റ്റർ | 01-04-2022 | 31-03-2023 |
| റെജിമോൾ ജോർജ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് . | 1-1 |
| 2 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല. | 1-1-1 |
| 3 | വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-2 |
| 4 | Directly Debited By Bank ആയി ചേർത്ത തുകകൾ ക്രമീകരിച്ചില്ല | 1-1-3 |
| 5 | കുടിശ്ശിക തുകയ്ക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയില്ല | 1-1-4 |
| 6 | ഡെപ്പോസിറ്റ് പ്രവർത്തിക്ക് ഡെപ്പോസിറ്റ് ചെയ്ത തുക Advance To Implementing Agencies എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയില്ല | 1-1-5 |
| 7 | വാർഷിക കണക്കിലെ തുകകളും രജിസ്റ്ററിലെ തുകകളും പൊരുത്തപ്പെടുന്നില്ല. | 1-1-6 |
| 8 | വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ രേഖകൾ സൂക്ഷിക്കുന്നില്ല | 1-1-7 |
| 9 | അക്കൗണ്ടിലെ നീക്കിയിരിപ്പിൽ വ്യത്യാസം | 1-1-8 |
| 10 | ബജറ്റ് | 1-2 |
| 11 | സാമ്പത്തിക വിശകലനം(റസീറ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 12 | ഫണ്ട് വിനിയോഗം (എ.സി.ആർ പ്രകാരം ) | 1-4 |
| 13 | പദ്ധതി അവലോകനം | 1-5 |
| 14 | ക്യാഷ് ബാലൻസ് പരിശോധന | 1-6 |
| 15 | തൊഴിൽ നികുതി അപാകതകൾ | 1-7 |
| 16 | രസീതി പരിശോധന- അപാകതകൾ | 1-8 |
| 17 | വിസ്തീർണ്ണത്തിനനുസൃതമായി വസ്തുനികുതി ഈടാക്കിയില്ല | 1-9 |
| 18 | പ്ലാനിൽ നിന്ന് വ്യതിചലിച്ച് കെട്ടിട നിർമ്മാണം | 1-10 |
| 19 | തറ നിർമ്മിതിയുടെ തരത്തിന് ആനുപാതികമായ വർദ്ധനവ് ഉറപ്പ് വരുത്തുന്നില്ല. | 1-11 |
| 20 | വസ്തുനികുതി വേക്കൻസി റെമിഷൻ അനുവദിച്ചതിലെ അപാകതകൾ | 1-12 |
| 21 | വസതുനികുതി കണക്കാക്കിയതിലെ അപാകത | 1-13 |
| 22 | ഓഡിറ്റ് റിപ്പോർട്ടിന്മേൽ തുടർനടപടി കൈക്കൊണ്ടില്ല | 1-14 |
| 23 | ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് സ്വീകരിക്കാവുന്ന നടപടികൾ | 1-15 |
| 24 | കുടിവെള്ള പദ്ധതി മോട്ടോർ സ്ഥാപിക്കൽ പദ്ധതി -റെയ്ഡ്ക്കോയ്ക്ക് അധിക | 1-16 |

| | | |
|---|---|---|
| | തുക അനുവദിക്കുന്നു | |
| 25 | ആസ്തി ഡിജിറ്റലൈസേഷൻ പദ്ധതിലക്ഷ്യം കൈവരിച്ചില്ല | 1-17 |
| 26 | ലക്ഷങ്ങൾ ചെലവഴിച്ച് നിർമ്മിച്ച ടേക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്രം പ്രവർത്തനം ആരംഭിച്ചില്ല | 1-18 |
| 27 | നവീകരിച്ച അടിവാരം കംഫർട്ട് സ്റ്റേഷൻ ഉപയോഗിക്കാൻ സാധിക്കാതെ നശിക്കുന്ന അവസ്ഥയിൽ | 1-19 |
| 28 | പട്ടികജാതി വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ് ഗുണഭോക്താവിന് പണം ലഭ്യമായില്ല. | 1-20 |
| 29 | ജൽ ജീവൻ പദ്ധതിക്ക് വേണ്ടി പൊളിച്ചുമാറ്റിയ റോഡുകൾ പുനസ്ഥാപിക്കുന്നതിൽ വീഴ്ച | 1-21 |
| 30 | ഗുണഭോക്താക്കൾക്ക് ആനുകൂല്യങ്ങൾ അക്കൗണ്ടിലേക്ക് നേരിട്ട് കൈമാറാതെ നിർവ്വഹണ ഉദ്യോഗസ്ഥന്റെ പേരിലുള്ള അക്കൗണ്ടിലേക്ക് നൽകുന്നു | 1-22 |
| 31 | ഇ-ടെണ്ടർ ഫീസ് തനത് ഫണ്ടിൽ വരവ് വന്നിട്ടില്ല | 1-23 |
| 32 | നിർവ്വഹണ ഉദ്യോഗസ്ഥന്റെ ട്രഷറി അക്കൗണ്ടിൽ സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പണം സൂക്ഷിക്കുന്നു | 1-24 |
| 33 | ഫർണ്ണിച്ചറുകൾ വാങ്ങൽ - റേറ്റ് കോൺട്രാക്ട് ഇല്ലാത്ത സാധനങ്ങൾ ടെണ്ടർ നടപടികൾ ഇല്ലാതെ വാങ്ങുന്നു | 1-25 |
| 34 | മാർഗ്ഗരേഖ നിർദ്ദേശങ്ങൾ പാലിക്കാതെ ടൈഡ് ഫണ്ട് വിനിയോഗിക്കുന്നു | 1-26 |
| 35 | പട്ടിക വർഗ്ഗക്കാർക്കുള്ള ഭവന പദ്ധതികൾ കാര്യക്ഷമമല്ല | 1-27 |
| 36 | എഫ് എച്ച് സി പുതുപ്പാടിയിലേക്കും ഹോമിയോ ഡിസ്പെൻസറിയിലേക്കും മരുന്നുവാങ്ങൽ -മരുന്നുകൾ മുഴുവൻ ലഭ്യമായില്ല | 1-28 |
| 37 | സി.സി.ടി,വി. ക്യാമറ സ്ഥാപിക്കൽ - മുൻകൂർ തുക ക്രമീകരിച്ചില്ല | 1-29 |
| 38 | പഞ്ചായത്ത് സ്ഥലം വാങ്ങൽ - ഇൻകം ടാക്സ് ഈടാക്കിയില്ല | 1-30 |
| 39 | കുടിവെള്ള വിതരണം - കുടിക്കാൻ പറ്റാത്ത വിധം മലിനീകരണപ്പെട്ട വെള്ളം വിതരണം ചെയ്തു. | 1-31 |
| 40 | സ്യൂട്ട് രജിസ്റ്റർ കൃത്യമായ വിവരങ്ങൾ ലഭ്യമല്ല | 1-32 |
| 41 | മുൻകൂറുകൾ സമയബന്ധിതമായി ക്രമീകരിക്കുന്നില്ല | 1-33 |
| 42 | കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റുകൾ തനതുഫണ്ടിലേക്ക് മുതൽക്കൂട്ടിയില്ല. | 1-34 |
| 43 | വിതരണം ചെയ്ത സ്കോളർഷിപ്പ് തുക ഗുണഭോക്താവിന്റെ അക്കൗണ്ടിൽ ക്രഡിറ്റ് ആയില്ല | 1-35 |
| 44 | സംയുക്ത പ്രോജക്ടുകൾക്കായുള്ള ഫണ്ട് ചെലവഴിക്കാതെ പഞ്ചായത്ത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നു. | 1-36 |
| 45 | പിരിച്ചെടുത്ത ഗുണഭോക്തൃവിഹിതം മുഴുവനായും വിനിയോഗിച്ചില്ല | 1-37 |

| | | |
|---|---|---|
| 46 | പൂരകപോഷകാഹാരം Food Products ന് തുക നൽകിയപ്പോൾ ശ്രോതസ്സിൽ നിന്നും ടി.ഡി.എസ് കുറവ് ചെയ്തില്ല . | 1-38 |
| 47 | കുടുംബശ്രീ കണക്കുകളുടെ പരിശോധന സംബന്ധിച്ച അപാകതകൾ | 1-39 |
| ഭാഗം **2** | | |
| 1 | വിസ്തീർണ്ണത്തിനനുസൃതമായി വസതുനികുതി ഈടാക്കിയില്ല | 2-1 |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1
## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ് .

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 24.06.23 ലെ 222ാം നമ്പർ തീരുമാനം പ്രകാരം തയ്യാറാക്കി വാർഷിക കണക്കിനെ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള പുതുപ്പാടി ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 31 ന് അവസാനിച്ച 2023 വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

പുതുപ്പാടി ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, പുതുപ്പാടി ഗ്രാമ ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

#### 1-1-1 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

വാർഷിക കണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനത ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല .

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022 - 23 കാലയളവിലെ "Net Increase In Cash And Cash Equivents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 74,19,340/- രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 4,69,19,189/-രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

1-1-2 വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

വാർഷിക കണക്കിനോടൊപ്പം അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്), പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ ചേർത്തിട്ടില്ല.

1-1-3 Directly Debited By Bank ആയി ചേർത്ത തുകകൾ ക്രമീകരിച്ചില്ല

SBI E-PAYMENT നായുള്ള 67393979215 നമ്പർ അക്കൗണ്ടിൽ നിന്നും താഴെ പറയുന്ന തിയ്യതികളിൽ "Directly Debited By Bank " എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തി കുറവ് ചെയ്തിട്ടുണ്ട് .

| തിയ്യതി | തുക |
|---|---|
| 31.8.22 | 2269 |
| 31.3.23 | 17590 |
| ആകെ | 19859 |

ഈ ചെലവുകൾക്ക് റീകൺസിലിയേഷൻ പത്രികയിൽ വിശദാംശം രേഖപ്പെടുത്താത്തത് കൊണ്ട് തന്നെ പഞ്ചായത്തുമായി ബന്ധപ്പെട്ടതാണോയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല. മേൽ തുക ബാങ്ക് തെറ്റായി കുറവ് ചെയ്തതാണെങ്കിൽ തുക തിരികെ പഞ്ചായത്തിന്റെ ബാങ്ക് അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതും പഞ്ചായത്തുമായി ബന്ധപ്പെട്ട ഡെബിറ്റ് ആണെങ്കിൽ അത് ഉചിതമായ ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തേണ്ടതുമാണ് മേൽപ്രകാരമുള്ള ചെലവിന്റെ വിശദാംശം ലഭ്യമാക്കേണ്ടതാണ് .

1-1-4 കുടിശ്ശിക തുകയ്ക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയില്ല

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി 15 പ്രകാരം വസ്തുനികുതിയിനത്തിലും വാടകയിനത്തിലും കുടിശ്ശികയുണ്ട്. എന്നാൽ നികുതി നികുതിയേതര കുടിശ്ശിക വാർഷികാടിസ്ഥാനത്തിൽ കണക്കാക്കി സർക്കാർ ഉത്തരവ് 152/2011ത.സ്വ.ഭ.വ 26.07.2011, കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011 ചട്ടം 58 (4) (H)എന്നിവ പ്രകാരം ലഭ്യതയിൽ സംശയാസ്പദമായ തുക കണക്കാക്കി ഇൻകം ആന്റ് എക്സ്പൻഡീച്ചർ അക്കൗണ്ടിൽ പ്രോവിഷൻ രേഖപ്പെടുത്തിയിട്ടില്ല .

1-1-5 ഡെപ്പോസിറ്റ് പ്രവർത്തിക്ക് ഡെപ്പോസിറ്റ് ചെയ്ത തുക Advance To Implementing Agencies എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയില്ല

ഹെഡ്മാസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രോജക്ട് 375/23 പ്രകാരം സി.സി.ടി.വി ക്യാമറ സ്ഥാപിക്കുന്നതിനു വേണ്ടി പൊതുമരാമത്ത് ഇലക്ട്രോണിക്സ് വിഭാഗത്തിന് 1 ലക്ഷം രൂപ മുൻകൂറായി നൽകിയിട്ടുണ്ട്. നിർവ്വഹണ ഏജൻസിക്ക് മുൻകൂർ തുക നൽകുമ്പോൾ " 460500204- Advance To Implementing Agencies എന്ന ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തേണ്ടതാണെന്ന

വ്യവസ്ഥ ഇവിടെ പാലിക്കപ്പെട്ടിട്ടില്ല.

1-1-6 വാർഷിക കണക്കിലെ തുകകളും രജിസ്റ്ററിലെ തുകകളും പൊരുത്തപ്പെടുന്നില്ല.

1.ഡിമാന്റ് രജിസ്റ്ററിലോ പ്രത്യേകം ചേർത്ത രജിസ്റ്ററിലോ മുൻകൂർ തുകയുടെ കണക്കുകൾ രേഖപ്പെടുത്തിയില്ല.

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി 9 " Other Liabilities "എന്ന ശീർഷകം പ്രകാരം താഴെ ചേർത്തിരിക്കുന്ന വരുമാനങ്ങൾക്ക് മുൻകൂർ ആയി തുക ലഭിച്ചിട്ടുണ്ട് എന്നാൽ അതാത് ഡിമാന്റ് രജിസ്റ്ററിലോ പ്രത്യേകം ചേർത്ത രജിസ്റ്ററിലോ മുൻകൂർ തുകയുടെ കണക്കുകൾ രേഖപ്പെടുത്തുകയോ ബാലൻസ് ഷീറ്റുമായി പൊരുത്തപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല

| ക്രമ നം | വരുമാനം | മുൻകൂർ ശീർഷകം | 31.3.2023 ലെ മുൻകൂർ തുക |
|---|---|---|---|
| 1 | Professiontax | 350410102-Advance Collection Of Revenues- Profession Tax Nst/Trader /Professional | 327710 |
| 2 | Licence Fees | 350410301-Advance Collection Of Revenues-License Fees For Factories, Traders, Enterprenuers And Other Services. | 254200 |
| 3 | Other Taxes | 350410199-Advance Collection Of Revenues -Other Taxes | 11250 |

2.തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററിലെ തുകകളും വാർഷിക കണക്കിലെ തുകകളും പൊരുത്തപ്പെടുന്നില്ല.

I.Profession Tax Employees ന്റെ ഡിമാന്റും കളക്ഷനും 1741600 -രൂപയാണ്. എന്നാൽ RP 1 ഷെഡ്യൂൾ പ്രകാരം വരവ് 1685350-രൂപയാണ്. വ്യത്യാസം 56250/- രൂപയാണ് .

(ഗ്രാമപഞ്ചായത്തിലെ ജീവനക്കാരുടെ തൊഴിൽ നികുതി 50250 /- യാണ്.)

Ii.Profession Tax Institutionന്റെ ഡിമാന്റും കളക്ഷനും 90000 -രൂപയാണ്,എന്നാൽ RP 45 ഷെഡ്യൂൾ പ്രകാരം വരവ് 126750-രൂപയാണ്. വ്യത്യാസം 36750/- രൂപയാണ് .

Ii.Profession Tax Tradersന്റെ ഡിമാന്റും കളക്ഷനും 752400 -രൂപയാണ്, എന്നാൽ RP 45 ഷെഡ്യൂൾ പ്രകാരം വരവ് 609150-രൂപയാണ്. വ്യത്യാസം 143250 /- രൂപയാണ് .

3.വാടക നികുതി ഡിമാന്റ് രജിസ്റ്ററിലെ തുകകളും വാർഷിക കണക്കിലെ തുകകളും പൊരുത്തപ്പെടുന്നില്ല.

വാടക രജിസ്റ്റർ പ്രകാരം തൻവർഷത്തെ വാടകയുടെ ഡിമാന്റും കളക്ഷനും 595500/രൂപയാണ്. എന്നാൽ RP 45 ഷെഡ്യൂൾ പ്രകാരം വരവ് 358057/-രൂപയാണ്. വ്യത്യാസം 237443 /- രൂപയാണ് .

1-1-7 വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ രേഖകൾ സൂക്ഷിക്കുന്നില്ല

1.സ്റ്റോറിന്റെ നീക്കിയിരിപ്പ് കണക്കാക്കിയതിന് രേഖയില്ല

ബി-14 - ൽ സ്റ്റോറിന്റെ ക്ലോസിംഗ് മൂല്യമായ 19482/- രൂപ കണക്കാക്കിയതിന്റെ വർക്ക് ഷീറ്റ് തയ്യാറാക്കിയിട്ടില്ല.

2.ഡെപ്പോസിറ്റ് രജിസ്റ്ററും വാർഷിക കണക്കും പൊരുത്തപ്പെടുന്നില്ല

1. Bidders Security Deposite ൽ തൻവർഷം ഡെപ്പോസിറ്റ് ആയി ലഭിച്ചതും അഡ്ജസ്റ്റ് ചെയ്തതും 5000രൂപയാണ് ,എന്നാൽ RP (33) Payment ,Receipt ഷെഡ്യൂളിൽ വരവായും ചെലവായും 4000/-രൂപയായാണ് ഉൾപ്പെടുത്തിയത്.
2. Contractors Retension ഇനത്തിൽ തിരിച്ച നൽകിയത് 11424 രൂപയാണ്. എന്നാൽ RP (33) Payment പ്രകാരം ചെലവില്ല .
3. Auction Deposit ഇനത്തിലെ വരവ് 8500 /-രൂപയാണ് എന്നാൽ RP (33) Receipt ഷെഡ്യൂൾ പ്രകാരമുള്ള വരവ് 3500 /- രൂപയാണ് .

1-1-8 അക്കൗണ്ടിലെ നീക്കിയിരിപ്പിൽ വ്യത്യാസം

1. വാർഷിക കണക്ക് RP 40 (B) ഷെഡ്യൂൾ പ്രകാരം TREASURY OWNFUND-VPFA1.2(1010101)നമ്പർ അക്കൗണ്ടിൽ 26270/-രൂപയുടെ നീക്കിയിരിപ്പുണ്ട് , ട്രഷറി സ്റ്റേറ്റ്മെന്റ് പ്രകാരം നീക്കിയിരിപ്പില്ല. വാർഷിക കണക്ക് പ്രകാരം അക്കൗണ്ടിലെ നീക്കിയിരിപ്പിലെ വ്യത്യാസം പരിഹരിക്കേണ്ടതാണ് .
2. ട്രഷറി L.G.T.S.B അക്കൗണ്ടിൽ (അക്കൗണ്ട് നമ്പർ 799013000000373) പാസ്സ് ബുക്ക് പ്രകാരം 31.3.23ലെ നീക്കിയിരിപ്പ് 1000000/-രൂപയാണ്. എന്നാൽ റീകൺസിലിയേഷൻ പത്രികയിൽ ബാങ്ക് ബുക്കിലെ നീക്കിയിരിപ്പും പാസ്സ് ബുക്കിലെ നീക്കിയിരിപ്പും "0" എന്നാണ് രേഖപ്പെടുത്തിയത് .

1-2 ബജറ്റ്

2022-23 ലെ ബജറ്റ് 26-03-2022 തീയതിയിലെ 01/1 നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. പുതുക്കിയ ബജറ്റ് 20.03.23 ലെ 1-ാം നമ്പർ തീരുമാന പ്രകാരവും അംഗീകരിച്ചിട്ടുണ്ട് . ഓഡിറ്റ് വർഷം ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവും യഥാർത്ഥ വരവ് ചെലവും തമ്മിൽ വലിയ തോതിൽ വ്യത്യാസം കാണുന്നു. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഇനം | ബജറ്റ് പ്രകാരം | യഥാർത്ഥത്തിൽ ഉള്ളത് |
|---|---:|---:|
| മുന്നിരിപ്പ് | 1,87,18,418 | 2,57,91,094 |
| വരവ് | 42,02,09,800 | 7,17,44,589 |
| ചെലവ് | 43,20,95,400 | 6,43,25,249 |
| നീക്കിയിരിപ്പ് | 68,32,818 | 3,32,10,434 |

എ)ബജറ്റ് പ്രകാരമുള്ള വരവ് ചെലവും യഥാർത്ഥ വരവ് ചെലവും തമ്മിൽ വൻ അന്തരം

മുൻവർഷങ്ങളിലെ നികുതി നികുതിയേതര വരുമാനത്തിൽ നിന്നും ചെലവിൽ നിന്നും ഇത്രയേറെ വർദ്ധനവ് എങ്ങനെ പ്രതീക്ഷിച്ച എന്ന് വ്യക്തമല്ല.

1. തനത് വരുമാന ത്തിലുള്ള അന്തരം

മുൻവർഷങ്ങളിലെ നികുതി നികുതിയേതര വരുമാനത്തിന്റേയും തൻവർഷത്തെ പ്രതീക്ഷിത

വരുമാനത്തിന്റേയും വിശദാംശം ചുവടെ ചേർക്കുന്നു .

| ഹെഡ്ഡ് | 2020-21 ലെ വാർഷിക കണക്ക പ്രകാരം വരവ് | 2021-22 ലെ വാർഷിക കണക്ക പ്രകാരം വരവ് | ബജറ്റ് എസ്റ്റിമേറ്റ് പ്രകാരം 2022- 23 വരവ് |
|---|---|---|---|
| നികുതി വരുമാനം | 92,38,886 | 1,02,00,336 | 1,47,00,000 |
| ഫീസ് & യൂസർ ചാർജ്ജസ് | 17,39,154 | 25,19,990 | 44,41,000 |

ചെലവിലുള്ള അന്തരം

മുൻവർഷങ്ങളിലെ ചെലവിന്റേയും ബജറ്റ് പ്രകാരമുള്ള ചെലവിന്റേയും വിശദാംശം ചുവടെ ചേർക്കുന്നു .

| ഇനം | 2020-21 ലെ വാർഷിക കണക്ക പ്രകാരം ചെലവ് | 21-22 ലെ വാർഷിക കണക്ക പ്രകാരം ചെലവ് | ബജറ്റ് എസ്റ്റിമേറ്റ് പ്രകാരം 2022- 23 ലെ ചെലവ് |
|---|---|---|---|
| Establishment Expenses | 1,18,42,476 | 1,71,32,526 | 2,12,60,000 |
| Administrative Expenses | 13,48,089 | 11,09,070 | 41,20,000 |
| Operations And Maintenance | 27,12,453 | 17,76,541 | 44,85,000 |
| Interest And Finance Charges | 10,03,026 | 4,068 | 15,25,000 |
| Decentralised Plan Programme Productive Sector | 2,04,08,102 | 1,73,96,467 | 2,11,50,000 |
| Decentralised Plan Programme Service Sector | 7,19,42,806 | 5,29,65,031 | 13,68,95,000 |
| Decentralised Plan Programme Infrastructure Sector | 93,09,956 | 2,24,54,166 | 2,33,00,000 |

| | | | |
|---|---|---|---|
| Not Included In Sector Division | 7,72,031 | 3,21,96,787 | 2,00,000 |
| Maintenance Projects | 1,56,34,258 | 0 | 25,00,000 |
| Expenditure Of Transferred Institutions And State Sponsored Programms | 7,81,28,900 | 10,33,17,700 | 11,78,60,400 |

മുൻവർഷങ്ങളിലെ വരവിലും ചെലവിലും ക്രമാതീതമായ വർദ്ധന വരുത്തിയാണ് തൻവർഷം ബജറ്റ് തയ്യാറാക്കിയിരിക്കുന്നത്. ബജറ്റ് തയ്യാറാക്കിയതിലെ അപാകതക്ക് വിശദീകരണം നൽകേണ്ടതും ഭാവിയിൽ ബജറ്റ് കുറ്റമറ്റ രീതിയിൽ തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-3 സാമ്പത്തിക വിശകലനം(റസീറ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 2,57,91,094 |
| വരവ് | 7,17,44,589 |
| ആകെ | 9,75,35,683 |
| ചെലവ് | 6,43,25,249 |
| നീക്കിയിരിപ്പ് | 3,32,10,434 |

## 1-4 ഫണ്ട് വിനിയോഗം (എ.സി.ആർ പ്രകാരം )

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 3,09,37,657 | 3,09,37,657 | 2,45,78,573 | 63,59,084 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 89,75,336 | 89,75,336 | 88,98,417 | 76,919 |

| | | | | | |
|---|---|---|---|---|---|
| വികസന ഫണ്ട്- ടി .എസ്.പി | 0 | 14,92,772 | 14,92,772 | 14,92,772 | 0 |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 92,35,000 | 92,35,000 | 82,30,035 | 10,04,965 |
| മെയിന്റനൻസ്, റോഡ് | 0 | 1,64,80,000 | 1,64,80,000 | 1,02,29,453 | 62,50,547 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - അൺടൈഡ് (ട്രഷറി മുഖേന) | 0 | 42,090 | 42,090 | 42,081 | 9 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - അൺടൈഡ് (ബാങ്ക് മുഖേന) | 14,48,575 | 59,31,000 | 73,79,575 | - | - |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ടൈഡ് ഗ്രാന്റ് (ട്രഷറി മുഖേന) | 0 | 1,30,50 | 1,30,350 | 0 | 1,30,350 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ടൈഡ് ഗ്രാന്റ് (ബാങ്ക് മുഖേന) | 23,29,652 | 88,96,000 | 1,12,25,652 | 38,44,963 | 73,80,689 |

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 310 | 168774286 | 201 | 98867520 | 109 | 58.5 |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷിഓഫീസർ | 9 | 7 | 4083700 | 2042578 | 50% |
| വെറ്ററിനറി സർജൻ | 5 | 5 | 1795450 | 993366 | 55.3% |
| മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 11 | 11 | 4733214 | 4556002 | 96.2 |
| മെഡിക്കൽ ഓഫീസർ ( ഹോമിയോ) | 2 | 2 | 300000 | 300000 | 100% |
| മെഡിക്കൽ ഓഫീസർ ( ആയുർവ്വേദം) | 1 | 1 | 400000 | 400000 | 100% |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 21 | 21 | 46322205 | 22375200 | 48.3% |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 12 | 12 | 11244570 | 10567924 | 93.9% |

| | | | | | |
|---|---|---|---|---|---|
| സെക്രട്ടറി | 65 | 44 | 29947156 | 20435711 | 68.2% |
| ഡയറി ഫാം ഓഫീസർ | 2 | 2 | 5300000 | 5300000 | 100% |
| അസിസ്റ്റന്റ് എഞ്ചിനീയർ | 159 | 76 | 56931818 | 24649671 | 43.2% |
| അസി.സെക്രട്ടറി | 14 | 13 | 5555291 | 5130686 | 92.3% |
| ഹെഡ് മാസ്റ്റർ | 9 | 8 | 2160882 | 2116382 | 97.9 |
| | 310 | 201 | 168774286 | 98867520 | 58.5% |

ഡി.പി.സി. അഗീകാരം ലഭിച്ച 310 പ്രൊജക്ടുകളിൽ 201 എണ്ണം ഓഡിറ്റ വർഷം നടപ്പാക്കിയിട്ടുണ്ട്. ആകെ പദ്ധതി അടങ്കലായി 16,87,74,286/-രൂപ വകയിരുത്തിയതിൽ 9,88,67,520/- രൂപയാണ് പദ്ധതിക്കായി ചെലവഴിച്ചത്. ഇതിൽ 1,52,72,500/-രൂപ തനതു ഫണ്ടിൽ നിന്നമാണ് ചെലവഴിച്ചിട്ടുള്ളത്.

## 1-6 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 09.08.2023 ന് 3.45 Pm മണിക്ക് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1988/- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-7 തൊഴിൽ നികുതി അപാകതകൾ

പുതുപ്പാടി പഞ്ചായത്തിന്റെ തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട് രജിസ്റ്ററും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. തൊഴിൽ നികുതി റിട്ടേണുകൾ പരിശോധിച്ചതിൽ പല സ്ഥാപനങ്ങളും സർക്കാർ നിഷ്കർഷിച്ചതിന് വിരുദ്ധമായാണ് തൊഴിലാളികൾക്ക് വേതനം നൽകുന്നതെന്ന് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം | തൊഴിലാളിയുടെ പേര്/ ഉദ്യോഗപ്പേര് | റിട്ടേൺ പ്രകാരം നൽകുന്ന അടിസ്ഥാന വേതനം (രൂപ) | നിയമ പ്രകാരം നൽകേണ്ടുന്ന മിനിമം വേതനം (രൂപ) | സർക്കാർ ഉത്തരവ് |
|---|---|---|---|---|---|
| 1 | കരുണ കെയർ സെന്റർ, കൈതപ്പൊയിൽ | ശ്രീ. നിവേദ് കൃഷ്ണ ഫാർമസിസ്റ്റ് | 4000/- | 17680/- | G.O. (P) No. 33/2018/ LBR.Dated, Thiruvanantha |
| | | ശ്രീമതി. ശ്രീജ, | 4000/- | 17680/- | |

| | | | | | |
|---|---|---|---|---|---|
| | | സ്റ്റാഫ് നഴ്സ് | | | Puram, 23rd April, 2018 |
| | | ശ്രീമതി. മൈമൂന, ലാബ് ടെക്നീഷ്യൻ | 4000/- | 17680/- | |
| 2 | ഈങ്ങാപ്പുഴ ഫ്യൂവൽസ് പെട്രോൾ പമ്പ് | ശ്രീ. ഷബീർ, മാനേജർ | 6000/- | 13300/- | G.O. (P) No. 22/2020/ LBR.Dated, Thiruvanantha Puram, 7th February, 2020 |
| | | ശ്രീ. ജാസിം, പമ്പ് അറ്റന്റർ | 3000/- | 12450/- | |
| | | ശ്രീ. സാകിൽ, പമ്പ് അറ്റന്റർ | 3000/- | 12450/- | |
| | | ശ്രീമതി. സിനി, പമ്പ് അറ്റന്റർ | 3000/- | 12450/- | |
| | | ശ്രീമതി. ഷൈജില, പമ്പ് അറ്റന്റർ | 3000/- | 12450/- | |
| | | ശ്രീമതി. ഷൈല, പമ്പ് അറ്റന്റർ | 3000/- | 12450/- | |

തൊഴിൽ വകുപ്പ് ഓരോ തൊഴിലിനും ബാധകമായിട്ടുള്ള മിനിമം വേതനം നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കാറുണ്ട്. സ്ഥാപനങ്ങൾ റിട്ടേൺ സമർപ്പിക്കുമ്പോൾ വേതനം വസ്തുനിഷ്ഠമായാണ് രേഖപ്പെടുത്തുന്നതെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. തൊഴിൽ നികുതിയിൽ ഇളവ് ലഭിക്കുന്നതിനായാണ് വേതനം കുറച്ച് കാണിക്കുന്നതെങ്കിൽ സ്ഥാപനത്തിനെതിരെ നടപടി സ്വീകരിക്കേണ്ടതാണ് അല്ലാത്ത പക്ഷം തൊഴിലാളികളെ ചൂഷണം ചെയ്യുന്ന ഇത്തരം സ്ഥാപനങ്ങളുടെ വിവരം ലേബർ വകുപ്പിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

2. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ ലൈസൻസ്ഡ് ബിൽഡിംഗ് സൂപ്പർവൈസർമാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

3. പഞ്ചായത്തിൽ വാർഡ് അടിസ്ഥാനത്തിൽ ഫീൽഡ് പരിശോധന നടത്തി ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കിയിട്ടില്ല.

4. മരാമത്ത് പ്രവർത്തികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം. 4 എന്നിവ പ്രകാരം ഓരോ അർദ്ധവർഷവും തുടർച്ചയായോ പലപ്പോഴായോ, 60 ദിവസം ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ നികുതിക്ക് വിധേയനാകുന്നതാണ്. എന്നാൽ 2022-23 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിൽ വിവിധ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയ താഴെ പറയുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയതായി കാണുന്നില്ല.

| ക്രമ | കരാറുകാരന്റെ പേര് | ഏറ്റെടുത്ത |
|---|---|---|

| നമ്പർ | | പ്രവൃത്തിയുടെ എണ്ണം |
|---|---|---|
| 1 | സജീർ | 1 |
| 2 | അബ്ദുൽ സലീം | 39 |
| 3 | ജേക്കബ്. എം.സി | 8 |
| 4 | മനോജ്. എം.ജെ | 19 |
| 5 | സജി ജോസ് | 10 |
| 6 | റഷീദ്. പി | 6 |
| 7 | ഷാജി ജോർജ്ജ് | 4 |
| 8 | താമരശ്ശേരിഎൽ.സി.സി | 1 |
| 9 | റജി. സി.ജെ | 1 |
| 10 | മുഹമ്മദ് ബഷീർ | 6 |
| 11 | അജ്നാസ്. പി.സി | 3 |
| 12 | ജെ കെ ഇൻഫ്രാ സ്ട്രക്ച്ചർ | 7 |
| 13 | കിഷോർ. പി.ഇ | 1 |
| 14 | സുനീറ | 1 |
| 15 | സെയ്ത്ത. പി.കെ | 1 |
| 16 | Adai. കെ.വി | 5 |
| 17 | ജിവിൻ ജോസ് | 1 |
| 18 | പി.കെ. ഷാനവാസ് | 1 |
| 19 | ബിജോ. കെ.പി | 1 |

പഞ്ചായത്തിന് അർഹതപ്പെട്ട മുഴവൻ സ്രോതസ്സിൽ നിന്നും തൊഴിൽനികുതിയുടെ ഡിമാന്റ് ചെയ്ത് ഈടാക്കി പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-8 രസീതി പരിശോധന- അപാകതകൾ

സാമ്പത്തിക വർഷം അവസാനിച്ച ശേഷം ഉപയോഗിക്കാതെ ബാക്കി വരുന്ന രസീതികൾ ക്യാൻസൽ ചെയ്ത സൂക്ഷിക്കുന്നില്ല.

| രസീതി ബുക്ക് നം. | ക്യാൻസൽ ചെയ്യാത്തവ |
|---|---|
| 19111 | 90മുതൽ 100 വരെ |
| 19130 | 48 മുതൽ 100 വരെ |
| 19125 | 69 മുതൽ 100 വരെ |
| 24086 | 2 മുതൽ 100 വരെ |
| 24088 | 85 മുതൽ 100 വരെ |
| 24093 | 25 മുതൽ 100 വരെ |
| 24095 | 12 മുതൽ 100വരെ |

നിർവഹണ ഉദ്യോഗസ്ഥർക്ക് നൽകിയ ഉപയോഗിച്ച രസീത് ബുക്കുകൾ സാമ്പത്തിക വർഷം അവസാനിച്ച ശേഷം അവരുടെ കൈവശം സൂക്ഷിക്കുന്നുണ്ട്. ഇങ്ങനെ സൂക്ഷിക്കുന്നത് മൂലം ഉപയോഗിക്കാതെ ബാക്കിയുള്ളവ ക്യാൻസൽ ചെയ്യാത്ത അവസ്ഥ രസീതുകൾ ദുരുപയോഗം ചെയ്യാനുള്ള സാധ്യതയുണ്ടാക്കുന്നുണ്ട്. ഉദാഹരണമായി കൃഷി ഓഫീസർക്ക് നൽകിയ പത്ത് ബുക്കുകളിൽ ഒരെണ്ണം

(19130-പേജ്മുതൽ47വരെ) മാത്രമാണ് 2022-23 സാമ്പത്തിക വർഷം ഉപയോഗിച്ചിട്ടുള്ളത്. സാമ്പത്തിക വർഷം അവസാനിച്ച ശേഷം ഉപയോഗിക്കാത്ത രസീത് ബുക്കുകൾ തിരികെ വാങ്ങി സ്റ്റോക്കിലെടുത്ത് വീണ്ടും ഉപയോഗിക്കുന്നതിന് നൽകിയിട്ടില്ല.

1-9 വിസ്തീർണ്ണത്തിനനുസൃതമായി വസ്തുനികുതി ഈടാക്കിയില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ നിലവിൽ വന്നതിനാൽ തറവിസ്തീർണം അടിസ്ഥാനമാക്കിയാണ് വസ്തുനികുതി കണക്കാക്കുന്നത്.

പഞ്ചായത്തിലെ 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 40 രൂപ നിരക്കിലും 100 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 50 രൂപ നിരക്കിലുമാണ് നികുതി നിശ്ചയിച്ചിരിക്കുന്നത്.

2011 ന് ശേഷം, നിർമ്മാണം പൂർത്തിയായതും തറ വിസ്തീർണം (Plinth Area) അടിസ്ഥാനമാക്കി നികുതി നിർണയിച്ചതുമായ താഴെ പറയുന്ന, 100 ച.മീ യിൽ കൂടുതൽ വിസ്തീർണമുള്ള കെട്ടിടങ്ങളെ, 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിലാണ് സഞ്ചയയിൽ നികുതി കണക്കാക്കിയത്. ഇതുമൂലം പഞ്ചായത്തിനു ലഭിക്കേണ്ട നികുതി വരവിൽ നഷ്ടം സംഭവിച്ചു.

| | |
|---|---|
| വാർഡ് നമ്പർ | 6 |
| കെട്ടിട നമ്പർ | 804 A,B,C,D |
| കെട്ടിടമുടമയുടെ പേരും വിലാസവും<br>(സഞ്ചയ പ്രകാരം) | ഷംസാദ് ഹുസൈൻ,<br>പുതിയവളപ്പിൽ, അടിവാരം,<br>പുതുപ്പാടി-673586 |
| നികുതി പ്രാബല്യത്തിൽ വന്ന വർഷം | 2022ആദ്യ അർദ്ധ വാർഷികം |

തറ വിസ്തീർണം: 156.72 ച.മീ

കെട്ടിടം സ്ഥിതി ചെയ്യുന്ന മേഖല: പ്രഥമം

| ബാധകമാക്കിയ നികുതി നിരക്ക്-40 രൂപ<br>ഈടാക്കുന്ന നികുതി<br>(ഇളവുകളും വർദ്ധനവും അടക്കം) | ബാധകമാക്കേണ്ട നികുതി നിരക്ക്- 50രൂപ<br>ഈടാക്കേണ്ട നികുതി<br>(ഇളവുകളും വർദ്ധനവും അടക്കം) | നഷ്ടം |
|---|---|---|
| 156.72x40= 6269<br>6269 + 1254 = 7523 | 156.72x50= 7836<br>7836 + 1568 = 9404 | 2022-23<br>9875 - 7900 = 1975/- |

| | | |
|---|---|---|
| 7523 + 377 = 7900/- {അടിസ്ഥാന നികുതി+ വഴി സൗകര്യം വർദ്ധനവ്: 5 മീറ്ററോ അതിൽ കൂടുതൽ 20%}+ ലൈബ്രറി സെസ് 5% | 9404 + 471 = 9875/- {അടിസ്ഥാന നികുതി+വഴി സൗകര്യം വർദ്ധനവ്: 5 മീറ്ററോ അതിൽ കൂടുതൽ 20%}+ ലൈബ്രറി സെസ് 5% | (1881 BT+ 94 LC) |
| ആകെ | | 1975/-രൂപ |

നികുതി തെറ്റായി നിർണ്ണയിച്ചത് മൂലം പഞ്ചായത്തിന് ലഭിക്കേണ്ട നികുതി വരവിൽ വലിയ നഷ്ടം സംഭവിച്ചു കൊണ്ടിരിക്കുന്നു. മേൽ കെട്ടിടം സ്ഥലപരിശോധന നടത്തി നികുതി പുനർനിർണ്ണയിക്കേണ്ടതും നികുതി വരവിൽ കുറവ് വന്ന തുക കെട്ടിട ഉടമസ്ഥനിൽ നിന്ന് ഈടാക്കി രേഖകൾ സഹിതം ഓഡിറ്റിന് ഹജരാക്കേണ്ടതുമാണ്. അല്ലാത്ത പക്ഷം വസ്തുനികുതി ഇനത്തിൽ പഞ്ചായത്ത് ഫണ്ടിന് നഷ്ടം വന്ന തുക ബന്ധപ്പെട്ട വർഷങ്ങളിൽ ചുമതല വഹിച്ച ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കുന്നതിന് സർച്ചാർജ്ജ് നടപടികൾക്ക് ശുപാർശ ചെയ്യുന്നതായിരിക്കും.

1-10 പ്ലാനിൽ നിന്ന് വ്യതിചലിച്ച് കെട്ടിട നിർമ്മാണം

| കെട്ടിട ഉടമസ്ഥന്റെ പേര്/മേൽവിലാസം | വാർഡ്/ കെട്ടിട നമ്പർ | പെർമിറ്റ് വിശദാംശങ്ങൾ | കംപ്ലീഷൻ അപേക്ഷ |
|---|---|---|---|
| മുഹമ്മദ്, പണിയൻകുഴി,എലിക്കാട്, അടിവാരം,പുതുപ്പാടി-673586 | 7/3A മുതൽ 7/3R വരെ | A6 3782/2020-21 തീയതി 18/12/2020<br>Permitted Area 675.72 Sqm<br>(Residential Area 586.62 Sqm,<br>Commercial Area 89.10 Sqm)<br>Valid Upto 17.12.2025 | 13.10.2022 |

ശ്രീ.മുഹമ്മദ് എന്നവരുടെ ഉടമസ്ഥതയിലുള്ള കെട്ടിടം കൊമേഴ്ഷ്യൽ കം റെസിഡൻഷ്യൽ കാറ്റഗറിയിൽ ഉൾപ്പെടുന്നതാണ്. ടിയാൻ കെട്ടിട നിർമ്മാണ പെർമിറ്റിന് അപേക്ഷിച്ച് 675.72 ച.മീ

കെട്ടിടം പണിയുന്നതിന് അനുമതി ലഭിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ കെട്ടിടം അനുവദനീയമായതിലും 58.62 ച.മീ അധികം നിർമ്മാണം നടത്തി ആയത് ക്രമവത്കരിച്ചിട്ടുണ്ട് (1172/- രൂപ രസീതി നം. 14012105 തീയതി 14.11.2022). ശേഷം ഒക്യുപെൻസി അനുവദിക്കുന്നതിനായി 13.10.2022 തീയതിയിൽ ടിയാൻ കെട്ടിടത്തിന്റെ കംപ്ലീഷൻ പ്ലാനിനൊപ്പം അപേക്ഷ സമർപ്പിച്ചിരുന്നു. കംപ്ലീഷൻ പ്ലാൻ പ്രകാരമുള്ള ഏരിയ ചുവടെ ചേർക്കുന്നു.

| According To Plan | |
|---|---|
| Basement | 196.92 Sqm |
| Ground Floor | 261.43 Sqm |
| First Floor | 261.43 Sqm |
| Stair Room | 14.56 Sqm |
| Total Plinth Area | 734.34 Sqm |

ഇതിൽ ആകെ പ്ലിംന്ത് ഏരിയയിൽ നിന്നും ബേസ്മെന്റിൽ പാർക്കിംഗിനുള്ള ഏരിയ കിഴിവ് ചെയ്ത് അവശേഷിക്കുന്ന ഏരിയ 679.74 ച.മീ ന് നികുതി നിർണ്ണയിച്ച് (734.34 – 54.6 = 679.74) 2022 രണ്ടാം അർദ്ധ വാർഷികം മുതൽ പ്രാബല്യത്തിൽ വരികയും കെട്ടിടത്തിന് ബാധകമായ നിരക്കിൽ നികുതി ഈടാക്കിവരുന്നുണ്ട്. സഞ്ചയ പരിശോധിച്ചതിൽ 605.73ച.മീ ഏരിയ ലോഡ്ജിംഗ് കാറ്റഗറിയിലും 74.01 ച.മീ ഏരിയ 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിലുമാണ് നികുതി കണക്കാക്കിയത്.

11.08.2023ന് തീയതിയിൽ ഓഡിറ്റ് ടീം നടത്തിയ സ്ഥലപരിശോധനയിൽ കംപ്ലീഷൻ പ്ലാൻ/റഗുലറൈസേഷൻ പ്ലാൻ പഞ്ചായത്തിൽ സമർപ്പിച്ച് വാണിജ്യ കെട്ടിട നമ്പറിംഗ്, വസ്തുനികുതി അസസ്സ്മെന്റ് എന്നിവ നടത്തിയ ശേഷം സമർപ്പിച്ച കംപ്ലീഷൻ പ്ലാനിൽ നിന്ന് വ്യതിചലിച്ച് അനധികൃത നിർമ്മാണം നടത്തിയതായി ശ്രദ്ധയിൽപ്പെട്ടു. ആയതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1. കെട്ടിടത്തിന്റെ ബേസ്മെന്റിൽ പ്ലാൻ പ്രകാരം പാർക്കിംങിനായി മാറ്റിവച്ച 57.75ച.മീ ഏരിയയിൽ കെട്ടിടം നിർമ്മിച്ചതായി ശ്രദ്ധയിൽപ്പെട്ടു. ഇവിടെ രണ്ട് റൂമിൽ ആയുർവേദ പാരമ്പര്യ ചികിത്സാകേന്ദ്രം ലൈസൻസോടുകൂടി പ്രവർത്തിക്കുന്നുണ്ട്. അധിക നിർമ്മാണം ചട്ട പ്രകാരം പാർക്കിംഗിനായി മറ്റൊരിടം കണ്ടെത്തി റെഗുലറൈസ് ചെയ്യുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്.

2. പ്ലാൻ പ്രകാരമുള്ള ഓപ്പൺ ടെറസ്സ് മുഴുവനായും ട്രഫ് ഷീറ്റ് ഉപയോഗിച്ച് നിർമ്മാണം നടത്തിയിട്ടുണ്ട്. ആയത് കംപ്ലീഷൻ പ്ലാൻ സമർപ്പിച്ച് നമ്പറിട്ടതിനു ശേഷമായതിനാൽ 261.43 ച.മീ ഏരിയയ്ക്ക് പെർമിറ്റ് ഫീസ് ഈടാക്കുകയോ റെഗുലറൈസ് ചെയ്ത് കൊടുക്കുകയോ ചെയ്തിട്ടില്ല.

3. പ്ലാൻ പ്രകാരം 80.6 ച.മീ വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളാണ്. എന്നാൽ സ്ഥല പരിശോധനയിൽ പാർക്കിംഗ് ഏരിയയിൽ കെട്ടിട നിർമ്മാണം നടത്തിയതുൾപ്പെടെ 154.04 ച.മീ വാണിജ്യാവശ്യത്തിനുള്ളതാണെന്ന് കണ്ടെത്തി. ആയതിനാൽ ഈ ഏരിയ 100 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിലാണ് നികുതി കണക്കാക്കേണ്ടത്.

വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളുടെ കംപ്ലീഷൻ പ്ലാൻ സമർപ്പിച്ച് നമ്പർ ഇട്ടതിനു ശേഷമാണ് കെട്ടിടങ്ങളുടെ ഘടനയ്ക്ക് മാറ്റം വരുത്തുന്നത്. കാർ പാർക്കിംഗ് ഏരിയ കൂടി കൂട്ടിയെടുത്ത് മറ്റ് ആവശ്യങ്ങൾക്കായി വിനിയോഗിക്കുന്നത് അനധികൃത നിർമ്മാണം റിപ്പോർട്ട് ചെയ്യാത്തത് മൂലമാണ്, ഇത് വാർഡ് ക്ലാർക്കുമാരുടെ കൃത്യനിർവ്വഹണത്തിലെ വീഴ്ചയാണ് കാണിക്കുന്നത്. വാർഡ് ക്ലാർക്കുമാർ അവരവരുടെ വാർഡിലെ അനധികൃത നിർമ്മാണം റിപ്പോർട്ട് ചെയ്യാൻ ശ്രദ്ധിക്കേണ്ടതാണ്.

2019 ലെ കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടം 20,21 അനുശാസിക്കും പ്രകാരം നടപടികൾ സ്വീകരിക്കേണ്ടതാണ്. അധികാരികൾ സ്ഥലപരിശോധന നടത്തി മേൽ നിർമ്മിതികൾ ബിൽഡിംങ് റൂൾ പ്രകാരം അനുവദനീയമാണോയെന്ന് പരിശോധിക്കേണ്ടതാണ്. ആണെങ്കിൽ, നിയമം അനുശാസിക്കും വിധം പിഴ ഈടാക്കി ക്രമവൽക്കരണത്തിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും, അനധികൃതമായി നിർമ്മിച്ച ഭാഗം അളന്ന് തിട്ടപ്പെടുത്തി പിഴ ഈടാക്കി അനധികൃത നിർമ്മാണത്തിന് ബാധകമായ വസ്തുനികുതി ഈടാക്കേണ്ടതുമാണ്.

## 1-11 തറ നിർമ്മിതിയുടെ തരത്തിന് ആനുപാതികമായ വർദ്ധനവ് ഉറപ്പ് വരുത്തുന്നില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 203, 208 വകുപ്പ്, 2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും, സേവന ഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങൾ പ്രകാരം അതതു പഞ്ചായത്ത് പ്രദേശത്തുള്ള കെട്ടിടങ്ങൾക്ക് വസ്തു നികുതി ചുമത്തുന്നതിനെ കുറിച്ച് പ്രതിപാദിക്കുന്നു.

പ്രസ്തുത ചട്ടങ്ങളിലെ പട്ടിക 6, കെട്ടിടത്തിന്റെ തറ നിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള നികുതി ഇളവ്/വർദ്ധനവിനെ കുറിച്ചാണ്. ഇതിൽ തറ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ മേൽത്തരം തടി, ഇറ്റാലിയൻ മാർബിൾ, ഗ്രാനൈറ്റ് തുടങ്ങിയവയ്ക്ക് 15% വർധനവുണ്ട്.

മേൽത്തരം തറയോടുകൂടിയ (മേൽത്തരം തടി, ഇറ്റാലിയൻ മാർബിൾ, ഗ്രാനൈറ്റ് തുടങ്ങിയവയ്ക്ക്) 250 ച.മീ മുകളിൽ വിസ്തീർണ്ണമുള്ള ഒരു കെട്ടിടം വത്യസ്ത മുറികളായി തിരിച്ച് നമ്പറിടുമ്പോൾ മേൽത്തരം തറ എന്ന് സഞ്ചയ സോഫ്റ്റ് വെയറിൽ സെലക്ട് ചെയ്താലും ബാധകമായ 15% വർധനവ് കാണിക്കുന്നില്ല. ആയതിനാൽ വലിയ തോതിൽ നികുതി ചോർച്ച സംഭവിക്കുന്നുണ്ട്. ഉദാഹരണം താഴെ ചേർക്കുന്നു.

| കെട്ടിട നം. | കെട്ടിട ഉടമയുടെ പേര്, വിലാസം | കെട്ടിടത്തിന്റെ വിസ്തീർണ്ണം |
|---|---|---|
| 3/473 N To Z | ജാഫർ, എലിക്കാട്, അടിവാരം, പുതുപ്പാടി-673586 | 292.2 ച.മീ |
| 10/397 A To J | ആലിക്കുട്ടി, തുമ്പോംപറമ്പിൽ, വെസ്റ്റ് പുതുപ്പാടി -673586 | 296.61 ച.മീ |

വസ്തു നികുതി നിർണ്ണയം സംബന്ധിച്ചുള്ള സെക്രട്ടറിയുടെ ചുമതലകളിൽ (ചട്ടം 12) ഏതൊരു കെട്ടിടത്തെ സംബന്ധിച്ചും ബന്ധപ്പെട്ട സ്ഥലത്ത് പോയി വിവരങ്ങൾ ശേഖരിച്ച് അന്വേഷണം നടത്തുവാൻ സെക്രട്ടറി ഒരു ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തേണ്ടതാണ്. കൂടാതെ ചട്ടങ്ങൾക്ക് അനുസൃതമായി വസ്തുനികുതി നിർണ്ണയം നടത്തേണ്ടത് സെക്രട്ടറിയുടെ ചുമതലയാണ്.

250 ചതുരശ്ര മീറ്ററിനു മുകളിലുള്ള കെട്ടിടങ്ങൾ പരിശോധിച്ച് തറ നിർമ്മിതി സാധാരണ തറയാണോ എന്ന് ഉറപ്പ് വരുത്തേണ്ടതാണ്. സാധാരണ തറ അല്ലാത്ത പക്ഷം തറ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ മേൽത്തരം തടി, ഇറ്റാലിയൻ മാർബിൾ, ഗ്രാനൈറ്റ് തുടങ്ങിയവയ്ക്ക് ചുമത്താവുന്ന 15%

വർധന ചുമത്തി നികുതി നിർണയിക്കേണ്ടതാണ്.

1-12 വസ്തുനികുതി വേക്കൻസി റെമിഷൻ അനുവദിച്ചതിലെ അപാകതകൾ

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 21 (2) (ബി) 1-ാം ഉപചട്ടപ്രകാരം നികുതി ഇളവ് ചെയ്തു കിട്ടുന്നതിനുള്ള കാലം കണക്കാക്കേണ്ടത് , ആ ആവശ്യത്തിനുള്ള നോട്ടീസ് നൽകിയ തീയതി മുതൽക്കോ കെട്ടിടം ഒഴിഞ്ഞു കിടന്ന തീയതി മുതൽക്കോ, ഇതിൽ ഏത് ഒടുവിൽ വരുന്നുവോ ആ തീയതി മുതൽ കണക്കാക്കേണ്ടതാകുന്നു. 2022-23 ലെ വേക്കൻസി റെമിഷൻ അപേക്ഷകൾ പരിശോധിച്ചതിൽ നികുതി ഒഴിവാക്കുന്നതിനുള്ള അപേക്ഷകളെല്ലാം ലഭിച്ചിരിക്കുന്നത് കെട്ടിടം ഒഴിഞ്ഞു കിടക്കുന്നുവെന്ന് കാണിച്ച തിയ്യതിക്കു ശേഷമാണ്. അഥവാ ഒടുവിൽ വരുന്ന തിയ്യതി അപേക്ഷ സമർപ്പിച്ച തിയ്യതിയാണ്. ആയതിനാൽ ആനുപാതിക നികുതി കണക്കാക്കേണ്ടത് അപേക്ഷ ലഭിച്ച തിയ്യതി മുതൽക്കാണ്. എന്നാൽ പഞ്ചായത്തിൽ നികുതിയിളവിനായി അപേക്ഷിച്ച ഏതാനും കെട്ടിടങ്ങൾക്ക് അപേക്ഷ ലഭിച്ച തിയതിക്കു മുമ്പെ ഇളവ് ചെയ്തു കൊടുത്തതായി കാണുന്നു. ഏതാനും ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | കെട്ടിട ഉടമയുടെ പേര്/ വിലാസം | കെട്ടിട നമ്പർ | അപേക്ഷ തിയ്യതി | ഇളവ് അനുവദിച്ച തിയ്യതി |
|---|---|---|---|---|
| 1 | വേലായുധൻ,<br>ഒതംകോട്ടിൽ,<br>അടിവാരം,<br>പുതുപ്പാടി-673586 | 6/681 A To H | 03.01.2023 | 01.04.22 മുതൽ 31.03.2023 വരെ |
| | കുറിപ്പ്: 2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 21 (2) (സി) ഉപചട്ടപ്രകാരം (എ) ഖണ്ഡികപ്രകാരമുള്ള ഏതൊരു നോട്ടീസിന്റെയും കാലാവധി അത് ഏത് അർദ്ധ വർഷത്തെ സംബന്ധിച്ചാണോ നൽകുന്നത് ആ അർദ്ധ വർഷത്തോടുകൂടി അവസാനിക്കുന്നതും അതിനുശേഷം അതിന് യാതൊരു പ്രാബല്യവും ഇല്ലാതിരിക്കുന്നതും ആകുന്നു.<br>എന്നാൽ മേൽ കെട്ടിടത്തിന് 2022-23 സാമ്പത്തിക വർഷത്തേക്കാണ് ഒറ്റ അപേക്ഷയാണ് സമർപ്പിച്ചിട്ടുള്ളത്. അപേക്ഷയുടെ തിയ്യതി പ്രകാരം ടിയാൻ 03.01.2023 മുതൽ 31.03.2023 വരെയാണ് നികുതിയിളവിന് അർഹതയുള്ളത്. എന്നാൽ ടിയാന് 01.04.2022 മുതൽ 31.03.2023 വരെ നികുതിയിളവ് ലഭിച്ചിട്ടുണ്ട്. | | | |
| 2 | അബ്ദുൽ സലീം, | 6/828 A To L | 10.11.2022 | 01.10.2022 |

| | | | | |
|---|---|---|---|---|
| | കുണ്ടുതൊടി, വേഞ്ചേരി, കണ്ണോത്ത്- 673580. | | | മുതൽ 31.03.2023 വരെ |
| 3 | സോണ്യാ റെഹിൻ, റെഹിന കോട്ടേജ്, കാവുംപുറം. | 14/2A1, 14/2A2 | 12.12.2022 | 01.10.2022 മുതൽ 31.03.2023 വരെ |
| 4 | വർഗ്ഗീസ്, ബിജോയ് രാഗം ഓഡിയോ വീഡിയോ. | 18/960 മുതൽ 966 വരെ | 13.12.2022 | 01.10.2022 മുതൽ 31.03.2023 വരെ |
| 5 | മുഹമ്മദ് ത്വാഹ, പിലാക്കൽകണ്ടി, വാലില്ലാപ്പുഴ. | 17/593 H,M,G,Q,P,J,R,F,N | 10.11.2022 | 01.04.22 മുതൽ 31.03.2023 വരെ |
| | കുറിപ്പ്: മേൽ കെട്ടിടത്തിന് 2022-23 സാമ്പത്തിക വർഷത്തേക്കാണ് ഒറ്റ അപേക്ഷയാണ് സമർപ്പിച്ചിട്ടുള്ളത്. അപേക്ഷയിൽ തിയ്യതി രേഖപ്പെടുത്തിയിട്ടില്ല ആയതിനാൽ ഫയലിന്റെ തീയതിയാണ് മുകളിൽ ചേർത്തിട്ടുള്ളത്. ആയത് പ്രകാരം ടിയാന് 10.11.2022 മുതൽ 31.03.2023 വരെയാണ് നികുതിയിളവിന് അർഹതയുള്ളത്. എന്നാൽ ടിയാന് 01.04.2022 മുതൽ 31.03.2023 വരെ നികുതിയിളവ് ലഭിച്ചിട്ടുണ്ട്. | | | |

ചട്ടങ്ങൾ പാലിക്കേണ്ടതും അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്. അനർഹമായി ഇളവ് അനുവദിച്ച വസ്തുനികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-13 വസതുനികുതി കണക്കാക്കിയതിലെ അപാകത

2011 ലെ കേരള പഞ്ചായത്ത് രാജ് 203,208 (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ നിലവിൽ വന്നതിനാൽ തറവിസ്തീർണം അടിസ്ഥാനമാക്കിയാണ് വസ്തുനികുതി കണക്കാക്കുന്നത്. ഇതിലെ ചട്ടം 2 (എഫ്) പ്രകാരം തറവിസ്തീർണം എന്നാൽ ഓരോ നിലയുടെയും മേൽക്കൂരയുള്ള ഭാഗത്തിന്റെ ചുമർ ഉൾപ്പെടെയുള്ള തറനിരപ്പിന്റെ ആകെ വിസ്തീർണം ആകുന്നു.

പഞ്ചായത്തിലെ 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 40 രൂപ നിരക്കിലും 100 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 50 രൂപ നിരക്കിലുമാണ് നികുതി

നിശ്ചയിച്ചിരിക്കുന്നത്.

2011 ന് ശേഷം, നിർമ്മാണം പൂർത്തിയായതും തറ വിസ്തീർണം (Plinth Area) അടിസ്ഥാനമാക്കി നികുതി നിർണയിച്ചതുമായ താഴെ പറയുന്ന, 100 ച.മീ യിൽ കൂടുതൽ വിസ്തീർണമുള്ള കെട്ടിടങ്ങളെ, 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ 40 രൂപ നിരക്കിലാണ് സഞ്ചയയിൽ നികുതി കണക്കാക്കിയത്. ഇതുമൂലം പഞ്ചായത്തിനു ലഭിക്കേണ്ട നികുതി വരവിൽ നഷ്ടം സംഭവിച്ചു.

| കെട്ടിട നം | ഉടമസ്ഥന്റെ പേര്/ മേൽ വിലാസം | വിസ്തീർണ്ണം (ച.മീ) (സഞ്ചയ പ്രകാരം) | നികുതി പ്രാബല്യത്തിൽ വന്ന വർഷം |
|---|---|---|---|
| 17/514 A To J | കുഞ്ഞിക്കോയ തങ്ങൾ, മുതിരപറമ്പത്ത്, എലോക്കര, പുതുപ്പാടി-673586 | 173.2 | 2015 ആദ്യ അർദ്ധ വർഷം |
| 8/301 A To F | ഇബ്രാഹിം ഹാജി, മന്ദത്ത്, കിഴക്കോത്ത്- 673572 | 431.49 | 2018 രണ്ടാം അർദ്ധ വർഷം |
| 4/312 A To E | പ്രസിഡന്റ്, ഹായാത്തുൽ ഇസ്ലാം പള്ളി കമ്മിറ്റി, പോട്ടികൈയിൽ, അടിവാരം, പുതുപ്പാടി- 673586 | 144.64 | 2021 ആദ്യ അർദ്ധ വർഷം |
| 9/34 A To W | ഷമീം, കുരിയാണിക്കൽ, വാവാട് - 673572 | 428.4 | 2017 അർദ്ധ വർഷം |

മുകളിലെ പട്ടികയിൽ ചേർത്ത കെട്ടിടങ്ങൾക്ക് നികുതി ഈടാക്കിയതിൽ കുറവ് വന്നിട്ടുള്ളതിന്റെ കൃത്യത ഫയൽ പരിശോധിച്ച് ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല.

താഴെ ചേർത്ത കെട്ടിടങ്ങളുടെ ഫയലുകൾ ലഭ്യമാക്കുന്നതിന് 09.08.2023ന് വീണ്ടും റിക്വിസിഷൻ നൽകിയിരുന്നു. എന്നാൽ 18/587, 6/804, 7/3 എന്നീ കെട്ടിടങ്ങളുടെ ഫയലുകൾ ഒഴികെ യാതൊരു ഫയലും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

1. 4/312 A,B Etc 8. 3/473 P,Q

2. 18/587 B,C Etc 9. 19/43 A,B Etc

3. 17/514 C,D Etc 10. 10/397 E,F,G

4. 6/804 A,B Etc 11. 13/196 A,B

5. 7/3 F,G Etc 12. 18/393 A

6. 8/301 F 13. 18/1060 B

7. 9/34 P,R Etc

ഫയലുകൾ പരിശോധനയ്ക്ക് ഹാജരാക്കാത്തതിനും മേൽ കെട്ടിടങ്ങളുടെ നികുതി കണക്കാക്കിയതിലെ അപാകതയ്ക്കും വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-14 ഓഡിറ്റ് റിപ്പോർട്ടിന്മേൽ തുടർനടപടി കൈക്കൊണ്ടില്ല

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2021-22 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് കെ.എസ്.എ. കെ.കെ.ഡി. പി. 2/2270/2022 തി 20/01/2023 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് 20.01.2023-ന് തന്നെ ഗ്രാമപഞ്ചായത്തിന് എയിംസ് മുഖേന നൽകിയിട്ടുണ്ട്.

ഓഡിറ്റ് റിപ്പോർട്ട് കൈപ്പറ്റിയാലുടൻ റിപ്പോർട്ടിൽ പരാമർശിക്കുന്ന ക്രമക്കേടുകൾ ഉത്തരവാദിയായ വ്യക്തികൾക്ക് പ്രസ്തുത പരാമർശത്തിന്റെ പകർപ്പ് സഹിതം വിവരം അറിയിക്കേണ്ടതാണ്. റിപ്പോർട്ട് കൈപ്പറ്റി 2 മാസത്തിനകം ഓഡിറ്റ് തടസ്സം/പരാമർശം ഒഴിവാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കേണ്ടതും അത് സംബന്ധിച്ച റിപ്പോർട്ട് ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. ഫയൽ പരിശോധിച്ചതിൽ താഴെ കൊടുത്ത അപാകത കാണുന്നു.

1. ഗ്രാമപഞ്ചായത്തിൽ റിപ്പോർട്ട് കൈപ്പറ്റിയത് 20.01.2023 നാണ്. എന്നാൽ ഓഡിറ്റ് തിയ്യതി വരെ നിർവ്വഹണ ഉദ്യോഗസ്ഥരെയും ഉത്തരവാദിയായ ഉദ്യോഗസ്ഥരെയും ഓഡിറ്റ് പരാമർശം സംബന്ധിച്ച വിവരമറിയിച്ചിട്ടില്ല . 2 മാസത്തിനകം മറുപടി സമർപ്പിക്കേണ്ടതാണെങ്കിലും പഞ്ചായത്ത് ഇതുവരെ നടപടി സ്വീകരിച്ചിട്ടില്ല . ഇത് ഗുരുതരമായ വീഴ്ചയാണ്.

നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്ന് മറുപടി കൈപ്പറ്റി ആയത് ഭരണസമിതി മീറ്റിംഗിൽ ചർച്ച ചെയ്ത്, ആക്ഷൻ ടേക്കൺ റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല. 2021-22 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് കൈപ്പറ്റി ഏകദേശം 7 മാസം കഴിഞ്ഞിട്ടും നടപടി കൈക്കൊള്ളാത്തത് അതിൽ പരാമർശിച്ചിട്ടുള്ള ക്രമക്കേടുകൾക്ക് കൂട്ട് നിൽക്കുന്നതിന് തുല്യമാണ്.

1-15 ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് സ്വീകരിക്കാവുന്ന നടപടികൾ

ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനസ്രോതസ്സുകൾ പൂർണ്ണമായി കണ്ടെത്തുകയും പുതിയവ ഉൾപ്പെടുത്തുകയും ചെയ്യുന്നതിലൂടെ തനത് വരുമാനഫണ്ട് വിപുലീകരിക്കാവുന്നതാണ്. പുതുപ്പാടി ഗ്രാമപഞ്ചായത്തിലെ വരവിനങ്ങൾ പരിശോധിച്ചതിൽ ഓഡിറ്റ് നിരീക്ഷണങ്ങളും തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള ശുപാർശകളും താഴെ ചേർക്കുന്നു.

വസ്തുനികുതി വരവ്

2011 ലെ കേരള പഞ്ചായത്ത് രാജ് 203,208 (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ നിലവിൽ വന്നതിനാൽ തറവിസ്തീർണം അടിസ്ഥാനമാക്കിയാണ് വസ്തുനികുതി കണക്കാക്കുന്നത്. ഇതിലെ ചട്ടം 2 (എഫ്) പ്രകാരം തറവിസ്തീർണം എന്നാൽ ഓരോ നിലയുടെയും മേൽക്കൂരയുള്ള ഭാഗത്തിന്റെ ചുമർ ഉൾപ്പെടെയുള്ള തറനിരപ്പിന്റെ ആകെ വിസ്തീർണം ആകുന്നു. പഞ്ചായത്തിലെ 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 40 രൂപയും 100 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 50 രൂപ നിരക്കിലാണ് നികുതി

നിശ്ചയിച്ചിരിക്കുന്നത്. വ്യത്യസ്ത ഉപയോഗക്രമങ്ങൾക്കല്ലാതെ ഉപയോഗിക്കുന്ന റൂമുകളെല്ലാം ചേർത്ത് ഒറ്റ കെട്ടിടമായി പരിഗണിച്ച് നികുതി ഈടാക്കാതെ മേൽ വിവരിച്ച പ്രകാരം വ്യത്യസ്ത ഉദ്ദേശത്തിനായി ഉപയോഗപ്പെടുത്തുന്നതായി പരിഗണിച്ച് നികുതി നിർണ്ണയിച്ചതിലൂടെ നികുതി ഇനത്തിൽ കുറവു സംഭവിച്ചിട്ടുണ്ട്. ആയത് ഖണ്ഡിക 1-ൽ പരാമർശിച്ചിട്ടുണ്ട്. മുൻ വർഷങ്ങളിലും നികുതി നിർണ്ണയത്തിലെ അപാകത കാരണം പഞ്ചായത്തിന് നികുതിയിൽ നഷ്ടം സംഭവിച്ചിട്ടുള്ളത് ഓഡിറ്റ് റിപ്പോർട്ടുകളിൽ ചൂണ്ടിക്കാണിച്ചിരുന്നു.

22.03.2023 ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 77/2023/എൽ.എസ്.ജി.ഡി പ്രകാരം നിലവിലുള്ള കെട്ടിടങ്ങളുടെ നികുതി പുതുക്കി നിശ്ചയിക്കുന്നതിനും കെട്ടിടങ്ങളുടെ ശരിയായ വിവരങ്ങൾ സോഫ്റ്റ് വെയറിൽ ചേർക്കുന്നതിനും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. 2011 ലെ വസ്തുനികുതി ചട്ടങ്ങളിലെ ചട്ടം 7ൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ വാർഡ് അടിസ്ഥാനത്തിൽ മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. വസ്തുനികുതി പരിഷ്കരണത്തിന്റെ കരട് വിജ്ഞാപനം (15.06.2023ലെ SC5/5071/2023 നമ്പർ) നടത്തിയിട്ടുണ്ട്. പഞ്ചായത്ത് കെട്ടിടങ്ങളുടെ വിവര ശേഖരണത്തിനും ഡാറ്റാ എൻട്രിക്കുമായി ഡിപ്ലോമ (സിവിൽ എഞ്ചിനീയറിങ്), ഐ.ടി.ഐ ഡ്രാഫ്റ്റ്മാൻ, സിവിൽ, ഐ.ടി.ഐ സർവയർ യോഗ്യതയുള്ളവരെ നിയമിക്കുന്നതിന് നടപടികൾ സ്വീകരിക്കാവുന്നതും നികുതി പരിഷ്കരണത്തിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

സ്ഥാപനം അനധികൃത നിർമ്മാണ രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ട്. പഞ്ചായത്ത് പരിധിയിൽ അനധികൃത നിർമ്മാണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഖണ്ഡിക 1- പരാമർശം കാണുക. നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ടിട്ടുള്ള എല്ലാ കെട്ടിടങ്ങൾക്കും പ്രത്യേക നമ്പർ (UA) നൽകേണ്ടതും ആ കെട്ടിടങ്ങൾക്ക് നിയമാനുസൃത നമ്പർ നൽകുന്നതുവരെയോ അവ പൊളിച്ചു നീക്കുന്നതുവരെയോ അത്തരം കെട്ടിടങ്ങളിൽ നിന്നും വസ്തു നികുതിയും അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർന്നുള്ള തുക വസ്തു നികുതിയായി ഈടാക്കേണ്ടതുമാണ്.

ചട്ടവിരുദ്ധമായി തുറസ്സായ സ്ഥലം കെട്ടിയടച്ച് നിർമ്മാണം നടത്തുന്നവർ, ലീക്ക് പ്രൂഫ് എന്ന വ്യാജേന കെട്ടിടത്തിന് അധിക നില നിർമ്മിച്ച് വിവിധങ്ങളായ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നവർ എന്നിവരെ കണ്ടെത്തി, പട്ടിക തയ്യാറാക്കി നടപടികൾ സ്വീകരിക്കുന്നതിന് പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. അനധികൃത അധിക നിർമ്മിതികളെ തിരിച്ചറിഞ്ഞ് നടപടികൾ സ്വീകരിക്കാത്തത്, ക്രമവൽക്കരിക്കാവുന്ന കെട്ടിടങ്ങളിൽ നിന്നും പഞ്ചായത്തിന് ലഭിക്കേണ്ടതായ വസ്തുനികുതി നഷ്ടമാക്കുന്നുണ്ട്. നിലവിൽ ഒരു കെട്ടിടം മാത്രമാണ് അനധികൃതമായുള്ളത് എന്ന നിലയിലാണ് സഞ്ചയ ഡേറ്റാ ബേസിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. വസ്തുനികുതി നിർണ്ണയത്തിന് ശേഷമുള്ള പരിശോധനകൾ (പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് ) നടത്തുന്നില്ല എന്നതിന് ഉദാഹരണം ഖണ്ഡിക 1- ചേർത്തിട്ടുണ്ട്.

വസ്തുനികുതി സാങ്കേതികമായ പിഴവുകൾ കാരണം വസ്തുനികുതി നഷ്ടമാകുന്നുണ്ട് 250 ചതുരശ്രമീറ്ററിലധികം വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് മേൽത്തരം വസ്തുക്കളാൽ നിർമ്മിക്കപ്പെട്ട തറയാണുള്ളതെങ്കിൽ, അടിസ്ഥാനവസ്തുനികുതിയുടെ 15 ശതമാനം വർദ്ധനവ് ആകെ വസ്തുനികുതിയിൽ ഉൾപ്പെടുത്തേണ്ടതുണ്ട്. എന്നാൽ വാണിജ്യാവശ്യകെട്ടിടങ്ങളെ വിഭജിച്ച് ചെറിയ കെട്ടിടങ്ങളായി നമ്പർ നൽകുമ്പോൾ, ഓരോ കെട്ടിടവും 250 ചതുരശ്രമീറ്റർ വിസ്തൃതിക്ക് താഴെ വരുന്നതിനാൽ മേൽത്തരം തറനിർമ്മിതിയെന്ന് രേഖപ്പെടുത്തിയാൽക്കൂടി, കെട്ടിടത്തിന് ബാധകമാകേണ്ട 15 ശതമാനം വർദ്ധനവിൽ നിന്നും രക്ഷപെടുന്ന അവസ്ഥയാണുള്ളത്. ഖണ്ഡിക 1- കാണുക

സാമ്പത്തിക വർഷാരംഭത്തിൽ തന്നെ വസ്തുനികുതി സമാഹരിക്കുന്നതിനുള്ള നടപടികൾ തദ്ദേശഭരണ സ്ഥാപനങ്ങൾ ആരംഭിക്കേണ്ടതും ഈ പ്രവർത്തനങ്ങൾക്ക് ഗ്രാമപഞ്ചായത്തുകളിൽ അസിസ്റ്റന്റ് സെക്രട്ടറി നേതൃത്വം നൽകേണ്ടതുമാണ്. നികുതി പിരിവ് പുരോഗതി എല്ലാ മാസവും ആദ്യം കൂടുന്ന യോഗത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി വിലയിരുത്തണം. ഇതു സംബന്ധിച്ച് സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശുപാർശ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചെയർപേഴ്സൺ തൊട്ടടുത്ത പഞ്ചായത്ത് കമ്മിറ്റിയിൽ

അവതരിപ്പിക്കേണ്ടതാണ്.

തൊഴിൽ നികുതി വരവ്

തൊഴിൽ നികുതി ഇനത്തിൽ സ്ഥാപനത്തിനു ലഭ്യമായ വരവ് താഴെ ചേർക്കുന്നു.

| വർഷം | ഡിമാന്റ് | കലക്ഷൻ | ബാലൻസ് |
|---|---|---|---|
| 2022-23 | 1741600 | 1741600 | 0 |

സ്ഥാപനം തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ എല്ലാവരും തന്നെ നികുതി അടവാക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നില്ല. ഖണ്ഡിക 1- കാണുക.

തൊഴിൽ നികുതി- സ്ഥാപനങ്ങൾ, സ്വയം തൊഴിൽ കണ്ടെത്തിയവർ പ്രൊഫഷണലുകൾ മുതലായവരെ ഉൾപ്പെടുത്തി ലിസ്റ്റ് തയ്യാറാക്കേണ്ടതാണ്. സ്ഥാപനങ്ങളുടെ വാർഡ് തലത്തിലുള്ള ഡാറ്റാബെയ്സ് ഉണ്ടാക്കി കാലികമായ പരിശോധന നടത്തി ട്രേഡേഴ്സ് ലിസ്റ്റ് കുറ്റമറ്റതാക്കാവുന്നതാണ്. സ്പാർക്ക് പോലുള്ള സോഫ്റ്റ് വെയറിൽ നിന്നും നേരിട്ട് തന്നെ തൊഴിൽ നികുതി കണക്കാക്കി അക്കൌണ്ടിൽ വരവ് വരുന്ന രീതി നടപ്പാക്കാവുന്നതാണ്. കണക്ക് കൃത്യമായി സമർപ്പിക്കാത്ത സ്ഥാപന മേധാവി /ഉടമയ്ക്ക് പിഴ ചുമത്താവുന്നതാണ്.

ഓരോ അർദ്ധവർഷത്തിലും നിലവിലുള്ള അസസ്മെന്റുകളുടെ നിശ്ചിത ശതമാനം പരിശോധന നടത്താവുന്നതാണ്. തൊഴിൽ നികുതി ചട്ടങ്ങൾ 14 എ പ്രകാരം ഓരോ സ്ഥാപനത്തിനും ലോഗിൻ നൽകി അതിൽ ജീവനക്കാരുടെ വിവരങ്ങളും ഇടപാടുകളും സംബന്ധിച്ച വിവരങ്ങളും രേഖപ്പെടുത്തി നികുതി ഓൺലൈനായി അടക്കാവുന്നതും അതു വഴി ലൈസൻസ് നൽകാൻ സാധിക്കുന്നതുമാണ്.

സ്ഥാപനങ്ങൾ, ജീവനക്കാർ, പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കാൻ ബാദ്ധ്യസ്ഥരായവർ (സ്വയംതൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റു പ്രൊഫഷണലുകൾ, വിവിധ മരാമത്ത് പണികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാർ, ഗ്രാമ പഞ്ചായത്തിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ, വാഹന ഉടമകൾ, ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള റേഷൻ വ്യാപാരികൾ തുടങ്ങിയവർ), സ്വകാര്യ സ്കൂളുകൾ/കോളേജുകൾ തുടങ്ങി തൊഴിൽ നികുതി ഒടുക്കാൻ ബാദ്ധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് പരിപാലിക്കേണ്ടതാണ്.

തൊഴിൽ നികുതി ഈടാക്കുന്നതിന് സോഫ്റ്റ്‌വെയർ അധിഷ്ഠിത സംവിധാനം ഏർപ്പെടുത്തുന്നതിന് സർക്കാരിനോട് ആവശ്യപ്പെടാവുന്നതാണ്. വളരെ എളുപ്പത്തിൽ ചെയ്യാവുന്ന തൊഴിൽ നികുതിയുടെ ഡേറ്റാബേസ് നാളിതുവരെയും തയ്യാറാക്കി ഡിജിറ്റലൈസ് ചെയ്തിട്ടില്ല. സ്ഥാപനങ്ങൾക്ക് പെർമനന്റ് നമ്പർ നൽകികൊണ്ട് തൊഴിൽനികുതി വിവരഅടിത്തറ ഡിജിറ്റലൈസ് ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. തൊഴിൽ നികുതിയിലെ വരുമാനനഷ്ടം ഒരളവുവരെ ഇപ്രകാരം പരിഹരിക്കാവുന്നതാണ്.

ലൈസൻസ് വരവ്

ലൈസൻസ് -സ്ഥാപനത്തിനു ലഭ്യമായ വരവ് താഴെ ചേർക്കുന്നു.

| വർഷം | ഡിമാന്റ് | കലക്ഷൻ | ബാലൻസ് |
|---|---|---|---|
| 2022-23 | 493300 | 493300 | 0 |

ലൈസൻസ് ഇല്ലാതെ കെട്ടിടങ്ങൾ പ്രവർത്തിക്കുന്നത് സംബന്ധിച്ച് മുൻ വർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ നിരന്തരം പരാമർശിച്ചിട്ടുണ്ടെങ്കിലും നാളിതുവരെ പഞ്ചായത്ത് വാർഡ് തിരിച്ച് ട്രെയ്ഡേഴ്സ് ലിസ്റ്റ് പോലും

സ്ഥാപനം തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. എഫ്.ടി.ഇ & ഒ.എസ് ലൈസൻസ് അപേക്ഷകളിൽ മുഴുവൻ വിവരങ്ങളും അപേക്ഷകൻ രേഖപ്പെടുത്തുന്നില്ല. കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 205 ബി പ്രകാരം (തൊഴിൽനികുതി) വാണിജ്യ - വ്യവസായാവശ്യങ്ങൾക്കുള്ള എല്ലാ കെട്ടിടങ്ങളുടെ ഉടമകൾക്കും നോട്ടീസ് നൽകി വിവരശേഖരണം നടത്തിയും, ഫീൽഡ് തല അന്വേഷണത്തിലൂടെയും ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കേണ്ടതും, മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് എടുത്തു എന്നത് ഉറപ്പ് വരുത്തേണ്ടതുമാണ്.

വാടക

ഗ്രാമപഞ്ചായത്ത് കെട്ടിടങ്ങൾ വാടകയ്ക്ക് നൽകി വരുമാനം വർദ്ധിപ്പിക്കുന്നുണ്ട്. എന്നാൽ പഞ്ചായത്തിന്റെ ഷോപ്പിംഗ് കോംപ്ലക്സിലെ ചില മുറികൾ വർഷങ്ങളായി വാടകയ്ക്ക് നൽകാത്തത് ഓഡിറ്ററിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ബസ് സ്റ്റാന്റിൽ ബസ്സുകൾ കയറാത്തതും ഈ ബസ് സ്റ്റാന്റിലെ കംഫർട്ട് സ്റ്റേഷനിലൂടെ മതിയായ വരുമാനം ലഭിക്കാത്തതും 11.08.2023ന് സ്ഥല പരിശോധനയിൽ കണ്ടെത്തി. അപാകതകൾ ഖണ്ഡിക 1- പരാമർശിച്ചിട്ടുണ്ട്.

പഞ്ചായത്തിന് സ്വന്തമായി സ്ഥലമുള്ള ഭാഗം വാണിജ്യപരമായി പ്രാധാന്യമുള്ളതെങ്കിൽ, അവിടങ്ങളിൽ കടമുറികൾ നിർമ്മിച്ച് തനത് വാടക വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സമിതിയുടെ ഭാഗത്തുനിന്നുണ്ടായിട്ടില്ല. വാണിജ്യപരമായി പ്രാധാന്യം ഉള്ള സ്ഥലങ്ങളിൽ കെട്ടിടങ്ങളോ സ്ഥലങ്ങളോ ഒഴിഞ്ഞ് കിടക്കുന്നുണ്ടോയെന്ന് പരിശോധന വിധേയമാക്കേണ്ടതാണ്.

പുതിയതായി ആരംഭിക്കുന്ന സ്ഥാപനങ്ങൾ/ പഞ്ചായത്തിന്റെ നികുതി സംബന്ധിക്കുന്ന വിവരഅടിത്തറയിൽ ഉൾപ്പെടാത്ത സ്ഥാപനങ്ങൾ എന്നിവ സംബന്ധിക്കുന്ന ചർച്ചകൾ ധനകാര്യ സ്ഥിരം സമിതിയിൽ ഉണ്ടായിട്ടില്ല.

മറ്റു വരുമാന ശ്രോതസ്സുകൾ

2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26(1) പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 207(1) പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റെയും ഉടമസ്ഥനിൽ നിന്ന്, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വപരിപാലനം, ജലവിതരണം, തെരുവുവിളക്കുകളും ഡ്രൈനേജും എന്നിവ സംബന്ധിച്ച സേവനങ്ങൾ എന്നിവ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്. അപ്രകാരം ചുമത്താവുന്ന ഏറ്റവും കുറഞ്ഞ സേവന ഉപനികുതി നിരക്കുകൾ താഴെപ്പറയുന്ന നിരക്കുകളിൽ കുറവായിരിക്കുവാൻ പാടുള്ളതല്ല.

| | | |
|---|---|---|
| (എ) | ശുചിത്വ പരിപാലനം (അതത് പ്രദേശത്തെ കെട്ടിടത്തിന്റെ പൊതുവായ ശുചിത്വ പരിപാലനത്തിനും ചപ്പു ചവറുകൾ, പക്ഷിമൃഗാദികളുടെ ജീർണ്ണ അവശിഷ്ടം, വിസർജ്യ വസ്തുക്കൾ തുടങ്ങിയ പരമാലിന്യങ്ങൾ എന്നിവ നീക്കം ചെയ്യുന്നതിനും സംസ്കരിക്കുന്നതിനുമുള്ള ചെലവുകൾക്ക്) | കെട്ടിടത്തിന്റെ വസ്തുനികുതിയുടെ 4% |
| (ബി) | ജലവിതരണം (തെരുവുടാപ്പുകൾ ഉൾപ്പെടെയുള്ള ജലവിതരണ സംവിധാനങ്ങളുടെ ചെലവുകൾക്ക്) | കെട്ടിടത്തിന്റെ വസ്തു നികുതിയുടെ 3% |

| | | |
|---|---|---|
| (സി) | തെരുവുവിളക്കുകൾ (സ്ഥാപിക്കുന്നതിനും സംരക്ഷിക്കുന്നതിനുമുള്ള ചെലവുകൾക്ക്) | കെട്ടിടത്തിന്റെ വസ്തു നികുതിയുടെ 2% |
| (ഡി) | ഡ്രയിനേജ് (അഴുക്കു ചാൽ സംവിധാനം ഉൾപ്പെടെയുള്ള ചെലവുകൾക്ക്) | കെട്ടിടത്തിന്റെ വസ്തു നികുതിയുടെ 1% |

ഗ്രാമപഞ്ചായത്തിന്, ഏതെങ്കിലും പ്രദേശത്ത് ഏർപ്പെടുത്തിയ 1-ാം ഉപചട്ടത്തിൽ പരാമർശിക്കുന്ന ഒരു സേവനം ആ പ്രദേശത്ത് സ്ഥിതിചെയ്യുന്ന ഒരു കെട്ടിടത്തിന് ലഭ്യമാക്കിയിട്ടില്ല എന്ന കാരണത്താൽ ആ കെട്ടിടത്തെ അതത് സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കുന്നതാണ്.

ഗ്രാമപഞ്ചായത്ത് നൽകുന്ന സേവനങ്ങളുടെ അടിസ്ഥാനത്തിൽ വരുമാന വർദ്ധനവ് വരുത്തുന്നതിന് വസ്തുനികുതിയോടൊപ്പം ചട്ടപ്രകാരമുള്ള സേവന ഉപനികുതി ഈടാക്കുന്നതിനുള്ള സാദ്ധ്യത പരിശോധിച്ച് അറിയിക്കേണ്ടതാണ്.

പ്രത്യേക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് ഫീസ് ഈടാക്കാവുന്നതാണ് .

2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26 ഉപചട്ടം (1) ൽ പരാമർശിച്ചിട്ടുള്ളതും ഗ്രാമപഞ്ചായത്ത് പൊതുവായി ഏർപ്പെടുത്തിയിട്ടുള്ളതുമായ സേവനങ്ങൾക്ക് ഉപരിയായി ഏതെങ്കിലും കെട്ടിടത്തിന് വേണ്ടി അപ്രകാരമുള്ള ഒരു സേവനം പ്രത്യേകമായും വിപുലമായും ഗ്രാമപഞ്ചായത്ത് ഏർപ്പെടുത്തിയിട്ടുള്ള പക്ഷം, അതിന്റെ ചെലവിന് ആനുപാതികമായി ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ കെട്ടിടത്തിന്റെ ഉടമസ്ഥനിൽനിന്ന് ഫീസ് ഈടാക്കാവുന്നതാണ്. അത് ചട്ടം26(1) പ്രകാരം ചുമത്തപ്പെടുന്ന സേവന ഉപനികുതിയിൽ ഉൾപ്പെടുന്നതല്ലാത്തതിനാൽ ഫീസ് ഈടാക്കാനുള്ള സാദ്ധ്യതയും പരിശോധിക്കേണ്ടതാണ്.

കേന്ദ്രസർക്കാരിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളുടെ സംഗതിയിൽ സർവ്വീസ് ചാർജ് ഈടാക്കാവുന്നതാണ്

പഞ്ചായത്തിന്റെ പരിധിയിൽ കേന്ദ്രസർക്കാരിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ ഉണ്ടെങ്കിൽ അത്തരം കെട്ടിടങ്ങളുടെ സംഗതിയിൽ 2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 30 പ്രകാരം കേന്ദ്ര സർക്കാരിന്റെ ഉടമസ്ഥതയിലുള്ളതും ഭരണഘടനയുടെ 285-ാം അനുച്ഛേദം അനുസരിച്ച് വസ്തുനികുതി ഉൾപ്പെടെയുള്ള നികുതികളിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുള്ളതുമായ കെട്ടിടങ്ങളുടെ കാര്യത്തിൽ ഗ്രാമപഞ്ചായത്തിന് ശുചിത്വ പരിപാലനം, ജലവിതരണം, തെരുവ് വിളക്കുകൾ, ഡ്രെയിനേജ് എന്നീ സേവനങ്ങൾക്കായി 2ാം ഉപചട്ടത്തിൽ പറഞ്ഞിട്ടുള്ള നിരക്കിൽ സർക്കാർ ഇതിലേക്കായി നിർദ്ദേശിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായും സർവ്വീസ് ചാർജ്ജ് ഈടാക്കാവുന്നതാണ്.

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

• വിഭവസമാഹരണത്തിന്റെ വിവിധ ഭാഗങ്ങൾ, തലങ്ങൾ, പ്രവർത്തനങ്ങൾ സംബന്ധിച്ച്

ഉദ്യോഗസ്ഥർ നിർവ്വഹിക്കേണ്ട കടമകൾ നിർവ്വഹിക്കുന്നുണ്ടോ എന്നു പരിശോധിക്കണം.

• വിഭവസമാഹരണത്തിലെ ചോർച്ച ഒഴിവാക്കാനുള്ള ഫലപ്രദമായ നിർദ്ദേശങ്ങൾ നല്കണം.

• കെട്ടിടങ്ങളുടേയും ഭൂമികളുടേയും സമ്പൂർണ്ണലിസ്റ്റ്, ട്രേഡേഴ്സ് ലിസ്റ്റ്, സ്ഥാപനങ്ങളുടെ പട്ടിക എന്നിവ തയ്യാറാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണം.

തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചർച്ച ചെയ്യേണ്ടതും ഭരണ സമിതിക്ക് ശുപാർശകൾ നൽകേണ്ടതുമാണ്.

1-16 കുടിവെള്ള പദ്ധതി മോട്ടോർ സ്ഥാപിക്കൽ പദ്ധതി -റെയ്ഡ്കോയ്ക്ക് അധിക തുക അനുവദിക്കുന്നു

പ്രൊജക്ട് - വള്ളിയോട് കുടിവെള്ള പദ്ധതി പൂർത്തീകരണം (64/23)

ചെലവ് - 255620 -ധനകാര്യ കമ്മീഷൻ ഗ്രാന്റ്

ബിൽ - 277/5.1.23

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥൻ ആയി നടപ്പിലാക്കിയിട്ടുള്ള ഈ കുടിവെള്ള പദ്ധതിയിൽ മോട്ടോർ സ്ഥാപിക്കുന്നതിനാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത് . ഗ്രാമപഞ്ചായത്ത് തീരുമാന പ്രകാരം ടെണ്ടർ നടപടികൾ കൂടാതെ റെയ്ഡ്കോ എന്ന അംഗീകൃത സ്ഥാപനത്തിൽ നിന്ന് നേരിട്ട് മോട്ടോർ പമ്പ്സെറ്റുകൾ വാങ്ങിയാണ് പദ്ധതി നടപ്പിലാക്കിയത്. പദ്ധതിയിൽ ഉയർന്ന നിരക്കിൽ ഇൻസ്റ്റലേഷൻ ചാർജ് അനുവദിച്ചതായി കാണുന്നു. റെയ്ഡ്ക്കോ സമർപ്പിക്കുന്ന ബില്ലുകൾ യാതൊരു പരിശോധനയും കൂടാതെ ബിൽ പ്രകാരമുള്ള മുഴുവൻ തുകയും അനുവദിച്ചിട്ടുണ്ട്. സ്റ്റാന്റിങ്ങ് കമ്മറ്റിയോ നിർവ്വഹണ ഉദ്യോഗസ്ഥനോ റെയിഡ്ക്കോ സമർപ്പിച്ച ബില്ലിലെ തുകയുടെ ആധികാരികത ഉറപ്പു വരുത്തിയിട്ടില്ല. 38897 രൂപ വിലയുള്ള 5 HP മോട്ടോർ സ്ഥാപിക്കുന്നതിന് 34102 രൂപയും കിണറിൽ നിന്ന് പമ്പ് ഹൌസിലേക്ക് പൈപ്പ് ഇടുന്നതിന് 71213 രൂപയും (പൈപ്പിന്റെ വില ഒഴികെ) ഉൾപ്പെടെ 105315രൂപ ഇൻസ്റ്റലേഷൻ ചാർജ് അനുവദിച്ചിട്ടുണ്ട്. ആകെ 2,55,620 രൂപയാണ് പദ്ധതിയിൽ റെയ്ഡ്ക്കോയ്ക്ക് അനുവദിച്ചിട്ടുള്ളത്.

കിണറിൽ നിന്ന് പമ്പ് ഹൌസിലേക്ക് പൈപ്പ് ഇടുന്നതിനും, പമ്പ്സെറ്റ് പാനൽബോർഡ്, മറ്റ് മെറ്റീരിയൽ എന്നിവ ഫിറ്റ് ചെയ്യുന്നതിനും മാത്രമാണ് മേൽ കാണിച്ച പ്രകാരം ഉയർന്ന നിരക്കിൽ ഇൻസ്റ്റലേഷൻ ചാർജ് അനുവദിച്ചിട്ടുള്ളത്.

08.08.23ന് പദ്ധതി പ്രദേശം സന്ദർശിച്ചു. പദ്ധതിയിൽ കുടിവെള്ളം വിതരണം ആരംഭിച്ചതായി സമീപവാസി അറിയിച്ചു. എന്നാൽ പമ്പ് ഹൌസിൽ വൈദ്യുതി കണക്ഷൻ മീറ്റർ തകർന്ന് തെറിച്ചുകിടക്കുന്ന അവസ്ഥയിൽ കാണാൻ സാധിച്ചു.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

കെ.എസ്.ഇ.ബിയുമായി ബന്ധപ്പെട്ട് കുടിവെള്ള പദ്ധതിയിലെ ജലവിതരണം പുനഃസ്ഥാപിക്കേണ്ടതും മോണിറ്ററിങ്ങ് കമ്മറ്റി മേഖലയിലെ വിദഗ്ദരുടെ സഹായത്തോടെ പരിശോധന നടത്തി അധികമായി അനുവദിച്ച ഇൻസ്റ്റലേഷൻ ചാർജ് തിരികെ ഈടാക്കി വിവരം അറിയിക്കുന്നത് വരെ 105315 രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

1-17 ആസ്തി ഡിജിറ്റലൈസേഷൻ പദ്ധതിലക്ഷ്യം കൈവരിച്ചില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചീനീയർ

പദ്ധതി - 368/23

അടങ്കൽ -75000

ചെലവ് - 25200

ബിൽ നമ്പർ - 458/25.03.23

തദ്ദേശ സ്ഥാപനങ്ങളുടെ ആസ്തികൾ സംബന്ധിച്ച് വിവരങ്ങൾ ശേഖരിക്കുന്നതിനായും റോഡ് കണക്ടിവിറ്റി മാപ്പിങ്ങ് സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുമായാണ് പദ്ധതി നടപ്പിലാക്കിയത്. ഇന്റർനെറ്റ് , ജി.പി.എസ് സൗകര്യമുള്ള ആൻഡ്രോയ്ഡ് മൊബൈൽ, വാഹന സൗകര്യം എന്നിവ ഉപയോഗിച്ച് പുതുപ്പാടി ഗ്രാമപഞ്ചായത്തിലെ റോഡ് കണക്ടിവിറ്റി മാപ്പിങ്ങ് (R-Track) നടത്തി ആസ്തി സംബന്ധിച്ച വിവരങ്ങൾ തയ്യാറാക്കുന്നതിനാണ് പദ്ധതി നടപ്പിലാക്കിയത്. ശ്രീ.മുഹമ്മദ് നജ്മു എന്ന കരാറുകാരൻ

ആണ് പദ്ധതി നടപ്പിലാക്കുന്നതിന് കരാർ ഏറ്റെടുത്തത് .വാർഡ് ഒന്നിന് 3000 രൂപ ചെലവ് കണക്കാക്കിയാണ് പദ്ധതി തയ്യാറാക്കിയത്. എന്നാൽ പഞ്ചായത്ത് ഡയറക്ടറുടെ 31.10.2022 ലെ PAN/3173/21-JI(DP) നമ്പർ സർക്കുലറിൽ നിർദ്ദേശിച്ച പ്രകാരം R-track ഡാറ്റാ കലക്ഷൻ പ്രോസസ് പൂർത്തിയാക്കിയിട്ടില്ല. പദ്ധതി പ്രകാരം റോഡ് കണക്റ്റിവിറ്റി മാപ്പിന്റെ ഹാർഡ് കോപ്പി അസിസ്റ്റന്റ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തി സെക്രട്ടറി മുമ്പാകെ ഹാജരാക്കണമായിരുന്നു. എന്നാൽ ഇവിടെ പദ്ധതി നടപ്പിലാക്കിയത് സംബന്ധിച്ച യാതൊരു രേഖയും ഫയലിൽ ഇല്ല. കരാറുകാരന് 25200 രൂപ (21 വാർഡ് X 1200) അനുവദിച്ചിട്ടുണ്ട്. പദ്ധതി പൂർത്തിയാക്കി കണക്റ്റിവിറ്റി മാപ്പ് തയ്യാറാക്കുന്ന പ്രവർത്തി പൂർത്തിയാക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ആസ്തി ഡിജിറ്റലൈസേഷൻ പൂർത്തിയാക്കി കണക്റ്റിവിറ്റി മാപ്പ് പരിശോധനയ്ക്ക് ഹാജരാക്കുന്നത് വരെ 25,200 രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

## 1-18 ലക്ഷങ്ങൾ ചെലവഴിച്ച് നിർമ്മിച്ച ടേക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്രം പ്രവർത്തനം ആരംഭിച്ചില്ല

സ.ഉ. (കൈ) 39/2020/ത.സ്വ.ഭ.വ, തീയതി. 20/02/2020, സ.ഉ.(കൈ) 45/ 2020/ ത.സ.ഭ.വ, തീയതി, 06/03/2020 എന്നിവ പ്രകാരം കേരള സർക്കാറിന്റെ 12 ഇന പരിപാടിയിൽ ഉൾപ്പെട്ട ടേക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്രങ്ങൾ ഗ്രാമപഞ്ചായത്ത് സ്ഥാപിക്കേണ്ടതുണ്ട്. റോഡ് മാർഗ്ഗം യാത്ര ചെയ്യുന്നവർക്കായി തദ്ദേശ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സൗകര്യങ്ങളോടു കൂടിയ പൊതു ശുചിമുറികളും ലൈറ്റ് റിഫ്രെഷ്മെന്റ് സൗകര്യങ്ങളും ഒരുക്കി പാതയോര വിശ്രമ കേന്ദ്രങ്ങൾ സ്ഥാപിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ഗ്രാമപഞ്ചായത്ത് ടേക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്രം സ്ഥാപിക്കുന്നതിനായി പെരുമ്പള്ളി പൂല്ലാനിമേട് എന്ന സ്ഥലത്ത് സംസ്ഥാന ഹൈവേ പാതയോരത്ത് വളരെ അനുയോജ്യമായ സ്ഥലത്ത് പദ്ധതികൾ നടപ്പിലാക്കി കെട്ടിട നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ടെങ്കിലും ടേക്ക് എ ബ്രേക്ക് കെട്ടിടം പ്രവർത്തനം ആരംഭിച്ചിട്ടില്ല. പദ്ധതിയ്ക്കായി ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾചുവടെ കൊടുക്കുന്നു.

| പദ്ധതി | ചെലവ് തുക | റിമാർക്സ് |
|---|---|---|
| 65/23(276/22) പാതയോരത്ത് ശുചി മുറി(ടേക്ക് എ ബ്രേക്ക്) സംസ്ഥാനാവിഷ്കൃത ഫണ്ട് അടങ്കൽ-1200000 | 884858 (ബിൽ-472/27.03.23) | 2021-22 വർഷത്തിൽ കെട്ടിട നിർമ്മാണത്തിനായി ആരംഭിച്ച പദ്ധതി 20.06.22 ൽ പ്രവൃത്തി പൂർത്തിയാക്കി ഫൈനൽ ബിൽ അനുവദിച്ചു. (എം-ബുക്ക് 332/19-20)ടേക്ക് എ ബ്രേക്ക് കെട്ടിടത്തിൽ ആവശ്യമായ അടിസ്ഥാന ആവശ്യങ്ങൾ പരിഗണിക്കാതെയാണ് പദ്ധതി തയ്യാറാക്കി നടപ്പിലാക്കിയത് . കെട്ടിടത്തിലേക്ക് ജലലഭ്യത ഉറപ്പുവരുത്തിയിട്ടില്ല. പദ്ധതിയുടെ എസ്റ്റിമേറ്റിൽ സെപ്റ്റിക്ക് ടാങ്ക് ,വാട്ടർ സ്റ്റോറേജ് ടാങ്ക്,ക്ലോസെറ്റ് എന്നിവ ഉൾപ്പെടുത്തിയിട്ടില്ല. 11.08. 23ന് സ്ഥലം സന്ദർശിച്ചു. കെട്ടിട നിർമ്മാണം പൂർത്തിയാക്കി പ്രവർത്തനം ആരംഭിച്ചിട്ടില്ല. കഫ്റ്റേറിയ പ്രവർത്തനം പൂർത്തിയായിട്ടില്ല. ശുചിമുറികളും മറ്റ് സൗകര്യങ്ങളും ഉൾപ്പെടുന്ന മുറികൾ കാണാൻ സാധിച്ചിട്ടില്ല . കരാറുകാരൻ ശ്രീ. സീമാമു.പികെ കെട്ടിടം |

| | | |
|---|---|---|
| | | പൂട്ടിയിട്ടിരിക്കുകയാണ്. എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തി പൂർത്തിയാക്കിയിട്ടും കരാറുകാരനിൽ നിന്ന് സൈറ്റ് തിരികെ വാങ്ങി മറ്റു പ്രവൃത്തികൾ ആരംഭിക്കാത്തതിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല. കെട്ടിടത്തിൽ വൈദ്യുതിയും ലഭ്യമായിട്ടില്ല. |
| 258/23 ടേക്ക് എ ബ്രേക്ക് പൂർത്തികരണം<br>കേന്ദ്ര ഫണ്ട്<br>അടങ്കൽ-1000000 | 0 | ടേക്ക് എ ബ്രേക്ക് പൂർത്തീകരണത്തിനുള്ള പദ്ധതി ആരംഭിച്ചിട്ടില്ല. |
| 236/21-22<br>സംസ്ഥാനാവിഷ്കൃത ഫണ്ട്<br>അടങ്കൽ-900000 | 853872<br>316/22.1.22 | ടേക്ക് എ ബ്രേക്ക് കെട്ടിടത്തിന്റെ ആരംഭ പ്രവൃത്തികൾ 10.8.21 ന് ആരംഭിച്ച് 13.12.21 ന് പൂർത്തീകരിച്ചിട്ടുണ്ട്. |
| 287/21-22<br>സംസ്ഥാനാവിഷ്കൃത ഫണ്ട്<br>അടങ്കൽ-500000 | 495000<br>356/22.2.22 | ടേക്ക് എ ബ്രേക്ക് കെട്ടിടത്തിന്റെ ചുറ്റുമതിൽ, മറ്റ് സൗകര്യങ്ങൾ എന്നിവ ഒരുക്കുന്നതിനാണ് പദ്ധതി നടപ്പിലാക്കിയത്. |

ഫണ്ടിന്റെ ലഭ്യതയുനുസരിച്ച് കെട്ടിടത്തിന്റെ എല്ലാ പ്രവൃത്തികളും പൂർത്തിയാക്കത്തക്കവിധത്തിൽ സമഗ്രമായ ഒരു പദ്ധതി ബഹു വാർഷിക അടിസ്ഥാനത്തിൽ രൂപീകരിക്കാൻ സാധിക്കാത്തത് ഗ്രാമ പഞ്ചായത്തിന്റെ ഭാഗത്തുനിന്നുണ്ടായ വീഴ്ചയാണ്. പദ്ധതി വിവിധ യൂണിറ്റുകളായി തിരിച്ചത് മൂലം വിവിധ കരാറുകാർ വഴി പദ്ധതി നടപ്പിലാക്കിയത് പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിന് തടസ്സമായിട്ടുണ്ട്. ലക്ഷങ്ങൾ ചെലവഴിച്ചിട്ടും പദ്ധതി ലക്ഷ്യംകൈവരിക്കാനായിട്ടില്ല.

മാർഗ്ഗരേഖ പ്രകാരം തദ്ദേശ ഭരണ സ്ഥാപനങ്ങൾ ടേക്ക് എ ബ്രേക്ക് കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കി തദ്ദേശ പരിധിയിലുള്ള കുടുംബശ്രീ മിഷൻ യൂണിറ്റുകൾക്ക് നടത്തിപ്പ് പരിപാലന ചുമതല നൽകി പദ്ധതി ലക്ഷ്യം നേടേണ്ടതാണ്. 27.7.2020 ലെ സ.ഉ(സാധാ)1401/2020/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരമുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം ടേക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്രം പ്രവർത്തിപ്പിക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ടേക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്രം പ്രവർത്തനം ആരംഭിച്ച് വിവരം അറിയിക്കുന്നത് വരെ ഓഡിറ്റ് വർഷം ചെലവഴിച്ച 884858 രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

ടേക്ക് എ ബ്രേക്ക് കെട്ടിടം



1-19 നവീകരിച്ച അടിവാരം കംഫർട്ട് സ്റ്റേഷൻ ഉപയോഗിക്കാൻ സാധിക്കാതെ നശിക്കുന്ന അവസ്ഥയിൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ -അസി .എഞ്ചിനീയർ

പ്രൊജക്ട് - അടിവാരം കംഫർട്ട് സ്റ്റേഷൻ നവീകരണം (60/23,229/22)

ചെലവ് - 478033 -ധനകാര്യ കമ്മീഷൻ ഗ്രാന്റ്

ബിൽ - 10/30.4.22

കരാർ - 61/21-22/9.2.22( ശ്രീ .അബ്ദുൾ സലീം .എം)

പൊതു ജനങ്ങൾക്ക് ഉപയോഗ്യമാകുന്ന രീതിയിൽ കംഫർട്ട് സ്റ്റേഷൻ നവീകരിക്കുന്നതിനാണ് പദ്ധതി നടപ്പിലാക്കിയത്. അടിവാരം ബസ്സ്റ്റാന്റിലാണ് കംഫർട്ട് സ്റ്റേഷൻ സ്ഥിതി ചെയ്യുന്നത്. കെട്ടിടം നവീകരിച്ച് പെയിന്റടിച്ച് ഫ്ലോർ ടൈലുകൾ മാറ്റി ടോയ്‌ലെറ്റുകളും ബാത്ത്റൂമുകളും വാഷ്ബേസിനുകളും മാറ്റി 25.3.22 ന് നവീകരണ പ്രവർത്തി പൂർത്തിയായിട്ടുണ്ട്. 11.08.2023 ന് കംഫർട്ട് സ്റ്റേഷൻ സന്ദർശിച്ചപ്പോൾ നവീകരിച്ച കംഫർട്ട് സ്റ്റേഷൻ ഉപയോഗിക്കാൻ സാധിക്കാതെ നശിച്ച പോകുന്ന അവസ്ഥയിലാണ്. ബസ്സ്റ്റാന്റിൽ ബസ്സുകൾ കയറുന്നില്ലാത്തതിനാൽ പൊതുജനങ്ങൾക്ക് ഉപയോഗിക്കാൻ സാധിക്കുന്നില്ല. അവിടെ പാർക്ക് ചെയ്യുന്ന കെ.എസ്.ആർ.ടി.സി ബസിലെ ജീവനക്കാർക്ക് മാത്രമാണ് ഇത് ഉപയോഗപ്രദമാകുന്നത്. കെട്ടിടം സംരക്ഷിക്കാതെ തുറന്ന് ഇട്ടിരിക്കുന്നതിനാൽ ആകെ നശിച്ച അവസ്ഥയിലായതിനാൽ അവർക്കും ഉപയോഗിക്കാൻ പറ്റുന്നില്ല. നല്ല രീതിയിൽ പ്രവർത്തിപ്പിച്ചാൽ ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ടിയിരുന്ന വരുമാനവും നഷ്ടമാവുകയാണ്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും ഓഡിറ്റ് ചൂണ്ടിക്കാണിച്ച അപാകതകൾ പരിഹരിച്ച് രേഖകൾ ഹാജരാക്കുന്നത് വരെ 478033 രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

1-20 പട്ടികജാതി വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ് ഗുണഭോക്താവിന് പണം ലഭ്യമായില്ല.

പ്രൊജക്ട് നമ്പർ - 271/22-2023

അടങ്കൽ - 5,60,000/-

ചെലവ് -5,60,000/-

നിർവ്വഹണോദ്യോഗസ്ഥൻ - അസി. സെക്രട്ടറി

അസി. സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതി പ്രകാരം പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠിക്കുന്ന കോഴ്സിന് അനുസൃതമായി മെറിറ്റോറിയസ് സ്കോളർഷിപ്പ് നൽകുന്ന പദ്ധതിയാണിത്. ആയത് പ്രകാരം 5,60,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ രേഖകൾ പരിശോധിച്ചതിൽ, വൈഷ്ണവ്.പി.ബി, പുഴം കുന്നുമ്മൽ, പുതുപ്പാടി എന്ന ഗുണഭോക്താവിന് 20,000/- രൂപ മെറിറ്റോറിയസ് സ്കോളർഷിപ്പായി 13.02.2023 നൽകിയെങ്കിലും, അക്കൗണ്ട് സംബന്ധമായ പ്രശ്നങ്ങൾ മൂലം, തുക അക്കൗണ്ടിലേക്ക് നാളിതുവരെയായി ട്രാൻസ്ഫർ ചെയ്യപ്പെട്ടിട്ടില്ല.

തുക ഗുണഭോക്താവിന് ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-21 ജൽ ജീവൻ പദ്ധതിക്ക് വേണ്ടി പൊളിച്ചുമാറ്റിയ റോഡുകൾ പുനസ്ഥാപിക്കുന്നതിൽ വീഴ്ച

ഗ്രാമപഞ്ചായത്തിലെ വിവിധ റോഡുകളിൽ ജല അതോറിറ്റി ജലജീവൻ മിഷൻ പദ്ധതി പ്രകാരം പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്നതിന് പൊളിച്ചുമാറ്റിയിട്ടുണ്ട്. എന്നാൽ ജലഅതോറിറ്റി ഈ റോഡുകൾ റെസ്റ്റോറേഷൻ നടത്തി ഗതാഗത യോഗ്യമാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്തിലെ ഏതെല്ലാം റോഡുകളാണ്

പദ്ധതിയ്ക്കായി പൊളിച്ച മാറ്റിയത് എന്നത് സംബന്ധിച്ച വിശദാംശങ്ങൾ ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയിട്ടില്ല. ഏകദേശം 800 ഓളം റോഡുകൾ പൊളിച്ചുമാറ്റി എന്ന് വ്യക്തമാക്കിയതല്ലാതെ അവ ഏതെല്ലാമാണെന്നും ആയവ ഗതാഗത യോഗ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്നും വ്യക്തമാക്കിയിട്ടില്ല.

പദ്ധതി നടത്തിപ്പിലെ അപാകതകൾ താഴെ കൊടുക്കുന്നു.

1) ജല അതോറിറ്റിയുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല.

ജലജീവൻമിഷൻ പ്രവൃത്തി നടക്കുന്ന റോഡുകളിലെ പുനരുദ്ധാരണ പ്രവൃത്തികൾ നടത്തേണ്ടത് ജല അതോറിറ്റിയാണ്. എന്നാൽ ഇത് സംബന്ധിച്ച് ഗ്രാമപഞ്ചായത്തിന് വ്യക്തതയില്ല. പദ്ധതിയ്ക്കായി റോഡുകൾ ജല അതോറിറ്റിയ്ക്ക് കൈമാറുന്നത് സംബന്ധിച്ചും പൊളിച്ചുമാറ്റുന്ന റോഡുകൾ പുനസ്ഥാപിക്കുന്നത് സംബന്ധിച്ചും പഞ്ചായത്ത് ജല അതോറിറ്റിയുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല. ജല അതോറിറ്റി പദ്ധതി നടത്തിപ്പിനായി പൊളിച്ച മാറ്റിയ റോഡുകൾ റെസ്റ്റോറേഷൻ നടത്താത്തത് ഗ്രാമപഞ്ചായത്തിന് വൻ ബാധ്യതയാകുന്നതാണ്. ഗ്രാമപഞ്ചായത്തിലെ പ്രവർത്തിയുടെ ചുമതല HRL കൺസ്ട്രക്ഷൻ കമ്പനിയ്ക്കാണ്. പൊളിച്ചുമാറ്റിയ റോഡുകൾ ഏത് അവസ്ഥയിലായിരുന്നോ ആ അവസ്ഥയിലേക്ക് മാറ്റണം എന്നതാണ് വാട്ടർ അതോറിറ്റി ജൽ ജീവൻ മിഷന് വേണ്ടി ഉണ്ടാക്കിയിട്ടുള്ള കരാർ.

2)<u>റോഡ് മെയിന്റനൻസ് പ്രവൃത്തികൾ നടപ്പിലാക്കാനാവാതെ ഫണ്ടുകൾ പാഴാകുന്നു</u>

തൻവർഷം റോഡ് മെയിന്റനൻസ് പ്രവർത്തികൾക്കായി പദ്ധതികൾ രൂപീകരിച്ച് നടപ്പിലാക്കാൻ സാധിച്ചിട്ടില്ല. റോഡുകളിൽ ജൽ ജീവൻ പദ്ധതികൾ നടക്കുന്നതിനാലാണ് പദ്ധതി നടപ്പിലാക്കാൻ കഴിയാതിരുന്നത് എന്ന് എഞ്ചിനീയറിങ് വിഭാഗം അറിയിക്കുകയുണ്ടായി. ഏതെല്ലാം റോഡുകളിലാണ് ജൽജീവൻ മിഷൻ പദ്ധതി നടപ്പിലാക്കാത്തത് എന്ന് വ്യക്തമായ ധാരണയില്ലാതിരുന്നതാണ് മെയിന്റനൻസ് പ്രവർത്തികൾക്ക് പദ്ധതി നടപ്പിലാക്കാൻ കഴിയാതെ ഫണ്ട് പാഴാകാനിടയാക്കിയത്. ഇതു കാരണം റോഡ് മെയിന്റനൻസിനായി 1,64,80,000 രൂപ അലോട്ട്മെന്റ് ലഭ്യമായതിൽ ജൽ ജീവൻ പദ്ധതിക്ക് വേണ്ടി പൊളിച്ചുമാറ്റിയ റോഡുകൾ പുനസ്ഥാപിക്കുന്നതിൽ വീഴ്ച 91,29,453 രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത് (55.39%).

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും അപാകത പരിഹരിച്ച് വിവരം അറിയിക്കേണ്ടതുമാണ്.

<u>1-22 ഗുണഭോക്താക്കൾക്ക് ആനുകൂല്യങ്ങൾ അക്കൗണ്ടിലേക്ക് നേരിട്ട് കൈമാറാതെ നിർവ്വഹണ ഉദ്യോഗസ്ഥന്റെ പേരിലുള്ള അക്കൗണ്ടിലേക്ക് നൽകുന്നു</u>

അസി. എഞ്ചിനീയർ നടപ്പാക്കുന്ന വിവിധ പൊതുമരാമത്ത് പ്രവൃത്തികളുടെ ഇ-ടെണ്ടർ നടപടികളിൽ ടെണ്ടർ ഫീസ് ആയി കരാറുകാർ അടക്കുന്ന തുക ക്രെഡിറ്റ് ചെയ്യുന്നതിനായി ഈരാറ്റുപുഴയിലെ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ ബ്രാഞ്ചിലെ ഒരു അക്കൗണ്ട് നിലവിലുണ്ട്. (നം.38030737649) അക്കൗണ്ട് സ്റ്റേറ്റ് മെന്റ് വിശദാംശങ്ങൾ പരിശോധിച്ചപ്പോൾ തനത് ഫണ്ട്, കേന്ദ്രാവിഷ്കൃത ഫണ്ട് എന്നിവയിൽ നിന്ന് ചെലവഴിച്ച് നടപ്പിലാക്കുന്ന പദ്ധതികളിൽ ചെലവ് തുക നിർവ്വഹണ ഉദ്യോഗസ്ഥൻ ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് നൽകുന്നതിന് പകരം ഈ അക്കൗണ്ടിലേക്ക് തുക നൽകിയ ശേഷം ഈ അക്കൗണ്ടിൽ നിന്നും തുക കരാറുകാർക്കും മറ്റും ചെക്ക് നൽകുന്നതായി കണ്ടു .

വിവിധ ഫണ്ടുകൾ ഉപഭോക്താവിന്റെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യുന്നതിനായി G.O.(P) No.88/20181Fin. Dated 11.06.2018 നമ്പർ ഇത്തരവ് പ്രകാരം നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. End Beneficiary യുടെ അക്കൗണ്ടിലേയ്ക്ക് തുക നേരിട്ട് ട്രാൻസ്ഫർ ചെയ്യുന്നതിന് ഈ ഉത്തരവിൽ നിർദ്ദേശമുണ്ട്. സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി നിർവ്വഹണ ഉദ്യോഗസ്ഥൻ ഗുണഭോക്താവിന്റെ അക്കൗണ്ടിലേയ്ക്ക് തുക മാറ്റാതെ നിർവ്വഹണ ഉദ്യോഗസ്ഥന്റെ അക്കൗണ്ടിലേയ്ക്ക് തുക മാറ്റുന്നത് ശരിയല്ല.

ഇങ്ങനെ മറ്റൊരു അക്കൗണ്ടിലേയ്ക്ക് തുകമാറ്റുമ്പോൾ ഈ തുക വാർഷിക കണക്കിലും സുലേഖ ചെലവ് സ്റ്റേറ്റ്മെന്റിലും ചെലവായി രേഖപ്പെടുത്തുകയും അതേ തിയ്യതിയിൽ തുക ചെലവാകാതെ ബാങ്ക് അക്കൗണ്ടിൽ നിലനിൽക്കുകയും ചെയ്യും. അസിസ്റ്റന്റ് എഞ്ചിനീയറുടെ ക്യാഷ് ബുക്കിൽ കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ചെലവായി കാണിച്ച പല ചെലവുകളുടെയും പെയ്മെന്റുകൾ നടന്നിട്ടുള്ളത് ഈ സാമ്പത്തികവർഷത്തിലാണ്. ഉദാഹരണം തടയണ മുക്ക് വള്ളിയാട് ലിങ്ക് റോഡ്, ടേക്ക് എ ബ്രേക്ക് കോമ്പൗണ്ട് വാൾ എന്നി പ്രവൃത്തികളിലെ ചെലവുകൾ വാർഷിക കണക്കിൽ മുൻവർഷം ചെലവായെങ്കിലും ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് ചെക്ക് നൽകുന്നത് ഈ സാമ്പത്തിക വർഷത്തിലാണ്.

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-23 ഇ-ടെണ്ടർ ഫീസ് തനത് ഫണ്ടിൽ വരവ് വന്നിട്ടില്ല

അസി. എഞ്ചിനീയർ നടപ്പാക്കുന്ന വിവിധ പൊതുമരാമത്ത് പ്രവൃത്തികളുടെ ഇ-ടെണ്ടർ നടപടികളിൽ ടെണ്ടർ ഫീസ് ആയി കരാറുകാർ അടക്കുന്ന തുക ക്രെഡിറ്റ് ചെയ്യുന്നതിനായി ഈങ്ങാപുഴയിലെ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ ബ്രാഞ്ചിൽ ഒരു അക്കൗണ്ട് തുടങ്ങിയിട്ടുണ്ട്. (അക്കൗണ്ട് നം.38030737649). അക്കൗണ്ട് സ്റ്റേറ്റ് മെന്റ് പരിശോധിച്ചതിൽ 9.8.23 ന് ആ അക്കൗണ്ടിൽ 124152.14 രൂപ നീക്കിയിരിപ്പുണ്ട്. ഈ തുക ഏതെല്ലാം ഇനത്തിലുള്ള തുകയാണെന്ന് വ്യക്തമാക്കേണ്ടതും ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ ഉൾപ്പെടേണ്ട തുകയാണെങ്കിൽ ആ തുക ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് നൽകാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതും ഇ-ടെണ്ടർ ആരംഭിച്ചതു മുതൽ നാളിതുവരെ ഈയിനത്തിലുള്ള തുക ഗ്രാമപഞ്ചായത്ത് ഫണ്ടിൽ അടവാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതുമാണ്.

## 1-24 നിർവ്വഹണ ഉദ്യോഗസ്ഥന്റെ ട്രഷറി അക്കൗണ്ടിൽ സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പണം സൂക്ഷിക്കുന്നു

വിവിധ ഫണ്ടുകൾ കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നും ഉപഭോക്താവിന്റെ അക്കൌണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യുന്നതിനായി G.O.(P) No.88/20181Fin. Dated 11.06.2018 നമ്പർ ഉത്തരവ് പ്രകാരം നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. തുകകൾ ട്രാൻസ്ഫർ ചെയ്യുന്നത് സുതാര്യമാക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേരിൽ ഒരു ട്രഷറി അക്കൌണ്ട് തുറക്കാൻ നിർദ്ദേശമുണ്ട് . End Beneficiary യുടെ അക്കൗണ്ടിലേക്ക് തുക ട്രാൻസ്ഫർ ചെയ്യുന്നതിന് മാത്രമേ ഈ അക്കൗണ്ട് ഉപയോഗിക്കാൻ പാടുള്ളൂ. അത്തരം അക്കൗണ്ടുകളിൽ നീക്കിയിരിപ്പ് ഉണ്ടാകില്ല. എന്നാൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിലുള്ള PTSB അക്കൗണ്ടിൽ (No.799011400002062) 31.3.2023 ന് 1,01,191 രൂപ നീക്കിയിരിപ്പുണ്ട്. ഈ തുക 09.08.2023 നം നീക്കിയിരിപ്പായുണ്ട്. ഈ തുക വിനിയോഗിക്കുകയോ തിരിച്ചടയ്ക്കുകയോ ചെയ്യാതെ അക്കൗണ്ടിൽ സൂക്ഷിച്ചിട്ടുള്ളത് എന്തിനെന്ന് വ്യക്തമാക്കേണ്ടതാണ്.

## 1-25 ഫർണ്ണിച്ചറുകൾ വാങ്ങൽ - റേറ്റ് കോൺട്രാക്ട് ഇല്ലാത്ത സാധനങ്ങൾ ടെണ്ടർ നടപടികൾ ഇല്ലാതെ വാങ്ങുന്നു

താഴെ കൊടുത്തിരിക്കുന്ന 6 പ്രൊജക്ടുകൾ പ്രകാരം സെക്രട്ടറി വിവിധ ആവശ്യങ്ങൾക്കായി ആർട്ട്കോയിൽ നിന്നും ഫർണ്ണിച്ചറുകൾ വാങ്ങിച്ചിട്ടുണ്ട്.

| ക്രമ നം | പ്രൊജക്ട് നമ്പർ | പ്രൊജക്ടിന്റെ പേര് | റേറ്റ് കോൺട്രാക്ട് ഇല്ലാതെ വാങ്ങിയ ഫർണ്ണിച്ചറുകൾ | ചെലവഴിച്ച തുക |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | 351/23 | ഫാമിലി ഹെൽത്ത് സെന്ററിലേക്ക് ഫർണ്ണിച്ചർ | ഫൈബർ ആം ചെയർ<br>ഫൈബർ ആംലെസ് ചെയർ | 20,896 |
| 2 | 240/23 | ഘടക സ്ഥാപനങ്ങളിലേക്ക് ഫർണ്ണിച്ചർ | “ | 69,337 |
| 3 | 243/23 | ഗ്രാമസേവാകേന്ദ്രങ്ങളിലേക്ക് ഫർണ്ണിച്ചർ | “ | 20,236 |
| 4 | 205/23 | സാംസ്കാരിക നിലയങ്ങളിലേക്ക് ഫർണ്ണിച്ചർ | “ | 2,73,588 |
| 5 | 372/23 | പകൽവീട് ഫർണ്ണിച്ചർ | “ | 40,474 |
| 6 | 239/23 | വനിതാ ഫെസിലിറ്റേഷൻ സെന്ററിലേക്ക് ഫർണ്ണിച്ചർ | “ | 1,77,252 |
| ആകെ | | | | 6,01,783 |

ആർട്ട്കോയിൽ നിന്നും ടെണ്ടർ നടപടികൾ കൂടാതെ ഫർണ്ണിച്ചറുകൾ വാങ്ങുവാൻ അനുവദിച്ചുകൊണ്ടുള്ള ജി.ഒ(ആർ.ടി)4/2018/SPD തിയ്യതി 02.02.2018 നമ്പർ സർക്കാർ ഉത്തരവിൽ കൊടുത്തിട്ടുള്ള പട്ടികയിൽ പരാമർശിച്ച ഫർണ്ണിച്ചറുകൾ മാത്രം അതേ വിലയിൽ വാങ്ങുവാനാണ് അനുമതി നൽകിയിരിക്കുന്നത്. പട്ടികയിൽ പെടാത്ത ഫർണ്ണിച്ചറുകൾ വാങ്ങുന്നതിന് സ്റ്റോർ പർച്ചേസ് മാന്വൽ പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

എന്നാൽ മേൽ കാണിച്ച 6 പ്രോജക്ടുകളിൽ മറ്റ് ഫർണ്ണിച്ചറുകളോടൊപ്പം, സർക്കാർ ഉത്തരവ് പ്രകാരമുള്ള പട്ടികയിൽ ഉൾപ്പെടാത്ത ഫർണ്ണിച്ചറുകൾ നടപടിക്രമങ്ങൾ പാലിക്കാതെ വാങ്ങിയതിന് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല . വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-26 മാർഗ്ഗരേഖ നിർദ്ദേശങ്ങൾ പാലിക്കാതെ ടൈഡ് ഫണ്ട് വിനിയോഗിക്കുന്നു

19.4.22ലെ സ.ഉ (കൈ)/84/22/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരമുള്ള പദ്ധതി രൂപീകരണ മാർഗ്ഗ രേഖയിൽ 15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗിക്കേണ്ടത് എങ്ങനെയെന്ന് വ്യക്തമാക്കുന്നുണ്ട്.

ഈ ഉത്തരവ് ഖണ്ഡിക 6-7 ൽ ധനകാര്യ കമ്മീഷൻ ഗ്രാന്റ് ടൈഡ്, അൺടൈഡ് എന്നിങ്ങനെ രണ്ട് കമ്പോണന്റ് ആയി ലഭിക്കുന്നു. ഇതിൽ ടൈഡ് ഇനത്തിൽ ലഭിക്കുന്ന വിഹിതത്തിന്റെ 50% വീതം ശുചിത്വം മാലിന്യ സംസ്കരണം എന്നിങ്ങനെ അടിസ്ഥാന സേവനങ്ങൾക്ക് വിനിയോഗിക്കേണ്ടതാണ്. ഇതിൽ ഒരു വിഭാഗത്തിലെ ലക്ഷ്യം സമ്പൂർണമായി എങ്കിൽ ആ വിഭാഗത്തിലെ വിഹിതം ആദ്യ വിഭാഗത്തിന് വേണ്ടി ചെലവഴിക്കാവൂ എന്ന് നിഷ്കർഷിക്കുന്നുണ്ട്. ഇവിടെ ബേസിക് ഗ്രാന്റ് ഇനത്തിൽ ചെലവഴിച്ച 38,44,963 രൂപയിൽ 2,55,620 (Project No. 64/23) രൂപ ചെലവഴിച്ച് ഒരു പദ്ധതി മാത്രമാണ് കുടിവെള്ള പദ്ധതിയ്ക്കായി ചെലവഴിച്ചിട്ടുള്ളത്. ആകെ ചെലവിന്റെ 6.6% മാത്രമാണ് ഈ വിഭാഗത്തിന് വേണ്ടി ചെലവഴിച്ചത്. കുടിവെള്ള മേഖലയിലെ ഗ്രാമ പഞ്ചായത്തിന്റെ ലക്ഷ്യങ്ങൾ പൂർണതോതിൽ പൂർത്തിയാക്കപ്പെട്ടിട്ടില്ല. കൂടാതെ ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഇനത്തിൽ തൻ വർഷം 90,26,353 രൂപ ലഭിച്ചിട്ടും 15 പദ്ധതികളിലായി 38,44,963 രൂപ മാത്രമാണ് വിനിയോഗിച്ചിട്ടുള്ളത് .(42.6%)

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-27 പട്ടിക വർഗ്ഗക്കാർക്കുള്ള ഭവന പദ്ധതികൾ കാര്യക്ഷമമല്ല

പുതുപ്പാടി ഗ്രാമപഞ്ചായത്തിൽ 15 എസ്.ടി. കോളനികളിലായി 140 കുടുംബങ്ങൾ താമസിക്കുന്നുണ്ട്. ഇവിടേക്ക് 3 പ്രോമോട്ടർമാരാണ് നിലവിൽ പ്രവർത്തിക്കുന്നത്. പഞ്ചായത്തിലെ ആകെ പട്ടികവർഗ്ഗത്തിൽ പെട്ടവരുടെ അംഗസംഖ്യ 624 ആണ്. പഞ്ചായത്തിന്റെ 2022-23 ബജറ്റ് പ്രകാരം ടി.എസ്.പി. യിൽ 1650000/- രൂപയാണ് പ്രതീക്ഷിത വരവ്. 2022-23 വർഷം വികസനഫണ്ട് ടി.എസ്.പി. യിൽ ചെലവ് 1492,722/- രൂപയാണ്. ഇതിൽ ഭവനപദ്ധതികൾക്കു വേണ്ടി വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തി താഴെ പറയും പ്രകാരം ചെലവു നടത്തിയിട്ടുണ്ട്.

| പ്രോജക്ട് നം./ പേര് | ചെലവു തുക |
|---|---|
| 98/23 (ലൈഫ് മിഷൻ പദ്ധതി SO) | 2,90,000/-ജില്ലാ പഞ്ചായത്തു വിഹിതം<br>240000/- ബ്ലോക്ക് പഞ്ചായത്ത് വിഹിതം<br>50000/- |
| 99/23 ലൈഫ് മിഷൻ പദ്ധതി NEW) | 210000/- TSP |

സ.ഉ.(കൈ) നം. 84/2022/തസ്വഭവ തിയ്യതി 19.4.2022 പദ്ധതി മാർഗ്ഗ രേഖയിലെ ഖണ്ഡിക 6.2 (32) പ്രകാരം അർഹരായ പട്ടിക വർഗ്ഗ ഗുണഭോക്താക്കളുണ്ടായിരിക്കേ അവർക്കായി ഏറ്റെടുക്കേണ്ട ഏതെങ്കിലും പ്രവർത്തനങ്ങൾ പട്ടിക വർഗ്ഗ ഉപ പദ്ധതി വിഹിതം ലഭിക്കുന്നില്ല എന്ന കാരണത്താൽ തദ്ദേശഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കാതിരിക്കാൻ പാടില്ല എന്ന് വ്യക്തമായി പരാമർശിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിലെ ഭൂമിയും വീടും ആവശ്യമുള്ള പട്ടിക വർഗ്ഗ ഗുണഭോക്താക്കളുടെ എണ്ണം 22, വീട് ആവശ്യമുള്ളവരുടെ എണ്ണം 41 എന്നിങ്ങനെയാണെന്ന് 14.8.2023 ന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. പോഷകാഹാര വിതരണം, പരിചരണ പാക്കേജ്, വിവാഹധനസഹായം, കോളനികളിൽ സ്ട്രീറ്റ് ലൈറ്റ്, ഗോത്രസാരഥി, പഠനോപകരണങ്ങൾ നൽകൽ, എന്നിവയ്ക്കാണ് കൂടുതലായും ചെലവുകൾ നടന്നിട്ടുള്ളത്. ഭവന നിർമ്മാണത്തിനായി ആകെ 210000/- രൂപ മാത്രമാണ് 2022-23 ൽ ചെലവഴിച്ചത്. 2023-24 ലും ഭവന നിർമ്മാണത്തിനായി പ്ലാൻഫണ്ടിൽ ആകെ 210000/- രൂപ മാത്രമാണ് വകയിരുത്തിയിട്ടുള്ളത്. ഗ്രാമ പഞ്ചായത്തിലെ ആദിവാസി കോളനികളിൽ സ്വന്തമായി ഭൂമിയും വീടുമില്ലാത്തവർ മറ്റുള്ളവരുടെ ഭൂമികളിൽ ഷെഡുകൾ കെട്ടി താമസിക്കുകയും ശൗചാലയങ്ങളുടെ അപര്യാപ്തതമൂലം പ്രാഥമികാവശ്യങ്ങൾ പോലും വൃത്തിഹീനമായ ചുററുപാടുകളിൽ നിർവ്വഹിക്കേണ്ടിവരുന്നതും പദ്ധതി

ആസൂത്രണത്തിന്റെ പോരായ്മയായി കാണുന്നു. ആയതിനാൽ ഭൂമിയും വീടുമില്ലാത്ത ഗുണഭോക്താക്കൾക്ക് ഭവന പദ്ധതികൾക്ക് കൂടുതൽ തുക വകയിരുത്താൻ ഭരണസമിതി കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതാണ്.

1-28 എഫ് എച്ച് സി പുതുപ്പാടിയിലേക്കും ഹോമിയോ ഡിസ്പെൻസറിയിലേക്കും മരുന്നുവാങ്ങൽ -മരുന്നുകൾ മുഴുവൻ ലഭ്യമായില്ല

പുതുപ്പാടി ഗ്രാമപഞ്ചായത്തിലെ മെഡിക്കൽ ഓഫീസർ എഫ് എച്ച് സി , മെഡിക്കൽ ഓഫീസർ ഹോമിയോ എന്നീ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയ പദ്ധതികൾ പ്രകാരം മരുന്നുകൾ വാങ്ങുന്നതിന് താഴെ ചേർത്ത സ്ഥാപനങ്ങൾക്ക് തുക നൽകിയിട്ടുണ്ട്. സ്ഥാപനങ്ങളിൽ നിന്നും മരുന്ന് പൂർണ്ണമായും ലഭ്യമായിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു .

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | നിർവഹണ ഉദ്യോഗസ്ഥൻ | സ്ഥാപനം | ചെലവ് | മരുന്നുകൾ ലഭിച്ചത് | ലഭിക്കാനുള്ള മരുന്നുകളുടെ വില |
|---|---|---|---|---|---|---|
| | 30/22 | മെഡിക്കൽ ഓഫീസർ ,എഫ് എച്ച് സി പുതുപ്പാടി | കേരള മെഡിക്കൽ സർവീസസ് കോപ്പറേറ്റീവ് ലിമിറ്റഡിന് | 20,96,261 | 86,154 | 1,47,835 |
| | 25/22, 29/22 | മെഡിക്കൽ ഓഫീസർ, ഹോമിയോ | ആലപ്പുഴ, കേരള സ്റ്റേറ്റ് ഹോമിയോപ്പതി കോപ്പറേറ്റീവ് ഫാർമസി ലിമിറ്റഡ് | 3,00,000 | 82,160 | 2,17,840 |

മരുന്ന് ലഭ്യമാക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്.

1-29 സി.സി.ടി,വി. ക്യാമറ സ്ഥാപിക്കൽ - മുൻകൂർ തുക ക്രമീകരിച്ചില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ/പേര് | 375/23 (ജി. എം. യു.പി. സ്കൂളിലേക്ക് സി.സി.ടി, വി. ക്യാമറ) |
| പദ്ധതി അടങ്കൽ | 1 ലക്ഷം രൂപ |
| ചെലവ് | 1 ലക്ഷം രൂപ |
| ബിൽ നമ്പർ/ തിയ്യതി | 5/23.2.2023 |
| നിർവ്വഹണം | ഹെഡ്മാസ്റ്റർ |

സ്കൂളുകളുടെ സുരക്ഷ ഉറപ്പാക്കുന്നതിന് സി.സി.ടി.വി. ക്യാമറ സ്ഥാപിക്കുന്നതിനാണ് മേൽ പദ്ധതി തയ്യാറാക്കിയത്. കൈതപ്പൊയിൽ ഗവ. യു.പി. സ്കൂളിൽ പദ്ധതി നടപ്പിലാക്കുന്നതിനു വേണ്ടി പൊതുമരാമത്ത് വകുപ്പ് ഇലക്ട്രോണിക്സ് വിഭാഗം തൃശ്ശൂർ അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ എസ്റ്റിമേറ്റ്

തയ്യാറാക്കിയിട്ടുണ്ട്. റിപ്പോർട്ട് പ്രകാരം 10 ക്യാമറകൾ സ്ഥാപിക്കാനുള്ള വിസ്തൃതി സ്കൂളിൽ ഉണ്ടെന്നും എന്നാൽ പഞ്ചായത്ത് വകയിരുത്തിയ ഫണ്ടിന്റെ അപര്യാപ്തത കാരണം ഒരു ലക്ഷം രൂപക്ക് 3 ക്യാമറകൾ സ്ഥാപിക്കാനുള്ള എസ്റ്റിമേറ്റാണ് തയ്യാറാക്കുന്നതെന്നും അസി. എക്സി. എഞ്ചിനീയർ വ്യക്തമാക്കിയിട്ടുണ്ട്. 17.2.2023 ലെ കോഴിക്കോട് സിവിൽസ്റ്റേഷനിലെ പൊതുമരാമത്ത് വകുപ്പ് ഇലക്ട്രോണിക്സ് സബ് ഡിവിഷൻ അസി. എക്സി. എഞ്ചിനീയറുടെ കത്തു പ്രകാരം 1 ലക്ഷം രൂപ തൃശ്ശൂർ ഡിവിഷനിലേക്ക് 23.2.2023 ന് മേൽ ബിൽ പ്രകാരം നൽകി. പ്രവൃത്തി 16.5.2023 ന് പൂർത്തിയായതായി 4.8.2023 ലെ കംപ്ലീഷൻ സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തിയിട്ടുണ്ട്. പ്രവൃത്തിയുടെ ഫൈനൽ ബിൽ പ്രകാരം ആകെ ചെലവു തുക 87742/- രൂപയാണ്. മുൻകൂർ നൽകിയ 1 ലക്ഷം രൂപയിൽ ബാക്കി ലഭിക്കാനുള്ള 12258/- രൂപ തിരികെ ഈടാക്കി ബന്ധപ്പെട്ട ഹെഡ്ഡിൽ സർക്കാരിലേക്ക് അടച്ച് വിവരം അറിയിക്കേണ്ടതാണ്.

1-30 പഞ്ചായത്ത് സ്ഥലം വാങ്ങൽ - ഇൻകം ടാക്സ് ഈടാക്കിയില്ല

സെക്രട്ടറി നടപ്പിലാക്കിയ താഴെ കൊടുത്തിരിക്കുന്ന പദ്ധതികൾ പ്രകാരം കളിസ്ഥലം, മിനി സ്റ്റേഡിയം എന്നിവയ്ക്കായി ആകെ 100 സെന്റ് സ്ഥലം വാങ്ങിയിട്ടുണ്ട്. ആകെ 93 ലക്ഷം അടങ്കൽ വച്ച പദ്ധതികൾക്കായി 87,60,465/- രൂപ ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | പ്രോ.നമ്പർ | പദ്ധതി | അടങ്കൽ | ചെലവ് |
|---|---|---|---|---|
| 1 | 77/22 | കണ്ണപ്പൻകുണ്ട് കളിസ്ഥലം | 30,00,000 | 28,81,240 |
| 2 | 79/22 | അടിവാരം മിനിസ്റ്റേഡിയം | 63,00,000 | 58,79,225 |
| ആകെ ചെലവ് | | | | 87,60,465 |

എന്നാൽ രേഖകൾ പരിശോധിച്ചതിൽ,

1.സ്രോതസ്സിൽ നിന്നും ഈടാക്കേണ്ടിയിരുന്ന ഇൻകം ടാക്സ് ഈടാക്കിയതായി കാണുന്നില്ല.

2.ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയതിന്റെ വിശദാംശം ഹാജരാക്കിയിട്ടില്ല.

3. കളിസ്ഥലം, മിനി സ്റ്റേഡിയം എന്നിവയ്ക്കായി വാങ്ങിയ സ്ഥലം ഉപയോഗിച്ച് പദ്ധതികൾ ആവിഷ്കരിച്ചതിന്റെ വിശദാംശം ലഭ്യമല്ല. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല . ആവശ്യപ്പെട്ട രേഖകൾ ഹാജരാക്കേണ്ടതാണ്.

1-31 കുടിവെള്ള വിതരണം - കുടിക്കാൻ പറ്റാത്ത വിധം മലിനീകരണപ്പെട്ട വെള്ളം വിതരണം ചെയ്തു.

പ്രൊജക്ട് നമ്പർ - 37/2023

അടങ്കൽ - 2,90,000/-

ചെലവ് - 1,12,272

പദ്ധതി പ്രകാരം പഞ്ചായത്തിന്റെ വാഹനം ഉപയോഗിച്ച് കുടിവെള്ളം വിതരണം നടത്തുന്നതിനും , 2 ജീവനക്കാരെ താല്ക്കാലികമായി നിയമിക്കുന്നതിനും, വിതരണം നടത്തുന്നതിനും 1500 ലിറ്ററിന്റെ 2 ടാങ്കുകൾ വാങ്ങുന്നതിനുമായി 21.03.2022ലെ 6/1 നമ്പർ പ്രകാരം തീരുമാനം എടുത്തിട്ടുണ്ട്.

ഇപ്രകാരം, പുതുപ്പാടി ഗ്രാമപഞ്ചായത്തിലെ കുടിവെള്ള പദ്ധതിയിലെ കിണറിൽ നിന്നും വെള്ളം

ശേഖരിച്ച് 29.03.2022 മുതൽ 13.052022 വരെ 37 ദിവസം കുടിവെള്ളം വിതരണം ചെയ്യുകയും, ഡ്രൈവർ ഉൾപ്പടെ 3 താല്ക്കാലിക ജീവനക്കാരുടെ ദിവസവേതനം ഉൾപ്പെടെ 1,12,272 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

കുടിവെള്ള സ്രോതസ്സിലെ വെള്ളം ജലവിഭവ വികസന വിനിയോഗ കേന്ദ്രത്തിന്റെ ലാബിൽ നിന്നും പരിശോധിച്ച് റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. റിപ്പോർട്ട് പ്രകാരം "The Water Sample Is Bacteriologically Contaiminated. PH Of The Water Sample Is Found To Be Less Than The Acceptable Limit As Per IS 10500:2012....."

കുടിവെള്ളം ഉപയോഗയോഗ്യമല്ല എന്ന കൃത്യമായ റിപ്പോർട്ട് ലഭിച്ചിട്ടും മറ്റ് നടപടികൾ ഒന്നും തന്നെ സ്വീകരിക്കാതെ ഇതേ വെള്ളം വിതരണം ചെയ്തതിന് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി 3 /2022-23 തിയ്യതി 10.08.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദീകരണം നൽകേണ്ടതാണ്.

1-32 സ്യൂട്ട് രജിസ്റ്റർ കൃത്യമായ വിവരങ്ങൾ ലഭ്യമല്ല

പുതുപ്പാടി ഗ്രാമപഞ്ചായത്തിന്റെ 2022- 23 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി സ്യൂട്ട് രജിസ്റ്റർ പരിശോധിച്ചതിൽ നിലവിലുള്ള കേസുകളുമായി ബന്ധപ്പെട്ട കൃത്യമായ വിവരങ്ങൾ എഴുതി സൂക്ഷിച്ചതായി കാണുന്നില്ല. നിലവിലുള്ള കേസുകളുടെ ഫയലുകളും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

നിലവിലുള്ള കേസുകളുടെ കൃത്യമായ വിവരങ്ങൾ, വക്കീലിന് നൽകിയ ഫീസുകൾ, കേസുകളുടെ നിലവിലെ സ്ഥിതി എന്നിവ സഹിതം സ്യൂട്ട് രജിസ്റ്റർ സെക്രട്ടറി സാക്ഷ്യപ്പെടുത്തി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

1-33 മുൻകൂറുകൾ സമയബന്ധിതമായി ക്രമീകരിക്കുന്നില്ല

അഡ്വാൻസ് രജിസ്റ്റർ പരിശോധിച്ചതിൽ വിവിധ ഇനങ്ങളിലായി മുൻവർഷങ്ങളിൽ അനുവദിച്ച അഡ്വാൻസുകൾ ഇനിയും ക്രമീകരിക്കാതെ അവശേഷിക്കുന്നുണ്ട് എന്ന് കാണുന്നു.

1. Advance To Others

പ്രസ്തുത ശീർഷകത്തിൽ മുൻവർഷങ്ങളിൽ MGNREGSന് അനുവദിച്ച 1348436 -രൂപയും തൻവർഷം അനുവദിച്ച 1696156-രൂപയും ഉൾപ്പടെ 30,44,592 രൂപ ഇപ്പോഴും അഡ്ജസ്റ്റ് ചെയ്യാതെ അവശേഷിക്കുന്നുണ്ട് .

2.Temporary Advcance For Official Purpose

ഈയിനത്തിന് 2019-20 ൽ അനുവദിച്ച 16200/-രൂപ ഇപ്പോഴും അഡ്ജസ്റ്റ് ചെയ്യിട്ടില്ല .

3.Other Advance

2020-21 ൽ Disaster Management Plan Preperation ന വേണ്ടി കിലയ്ക്ക് നൽകിയ 16778 രൂപയും 2021-22 ൽ സാക്ഷരതാ പ്രേരകിന് നൽകിയ 29952 രൂപയും ഇപ്പോഴും അഡ്ജസ്റ്റ് ചെയ്തിട്ടില്ല .

4.Advance To Beneficiary Committees എന്ന ശീർഷകത്തിൽ മുപ്പതേക്കർ അങ്കണവാടിക്കു വേണ്ടി മുൻവർഷങ്ങളിൽ അനുവദിച്ച 8,75,000/-രൂപ അഡ്ജസ്റ്റ് ചെയ്തിട്ടില്ല.

കേരള ഫിനാൻഷ്യൽ കോഡ് പ്രകാരം അഡ്വാൻസ് ആയി അനുവദിച്ച തുകകൾ 6 മാസത്തിനകം അഡ്ജസ്റ്റ് ചെയ്യേണ്ടതാണ്. അഡ്വാൻസുകൾ അഡ്ജസ്റ്റ് ചെയ്ത് വിവരം അറിയിക്കേണ്ടതാണ്.

1-34 കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റുകൾ തനതുഫണ്ടിലേക്ക് മുതൽക്കൂട്ടിയില്ല.

ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റുകൾ തനതുഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല. ഡെപ്പോസിറ്റിന്റെ വിശദാംശം ചുവടെ ചേർക്കുന്നു .

I).Contractors EMD യിൽ 2014-15 മുതലുള്ള EMD അവശേഷിക്കുന്നുണ്ട് .

| തിയ്യതി | പേര് | തുക |
|---|---|---|
| 3.7.14 | സന്ദീപ്,നാലു സെന്റ് കോളനി | 1900 |
| 3.7.14 | സന്ദീപ്,പഞ്ചായത്ത് ഓഫീസ് വയറിംഗ് | 12200 |
| 27.12.18 | രഘുനാഥൻ,അംഗനവാടി വൈദ്യുതീകരണം | 4230 |

Ii).Suppliers EMD യിൽ 2019-20 മുതലുള്ള EMD അവശേഷിക്കുന്നുണ്ട് .

| തിയ്യതി | പേര് | തുക |
|---|---|---|
| 27.11.19 | അബ്ദുൾ സിലാം ഹനീഫ, പ്രോ നം 159/20 | 3654 |
| 5.12.19 | Dream Home Furniture | 900 |
| 4.12.19 | Asum Disinsness Material | 1500 |
| --- | Dream Home Furniture | 2740 |

Iii) Bidders EMD യിൽ 2014-15 മുതൽ 2019-20 വരെ 24 പേരുടെ EMD ആയി 76299 തനതുഫണ്ടിലേക്ക് മുതൽക്കൂട്ടാൻ അവശേഷിക്കുന്നുണ്ട് .

Iv).Suppliers Security Deposit ൽ 2016-17 മുതലുള്ള Deposit അവശേഷിക്കുന്നുണ്ട് .

| തിയ്യതി | പേര് | തുക |
|---|---|---|
| 3.3.17 | Pure Solution | 2411 |
| 28.3.17 | Neat Tech Computrs | 15600 |
| 1.1.19 | Dyne Net Calicut | 2000 |

V).Auction Deposit ൽ 2015-16 മുതലുള്ള Deposit അവശേഷിക്കുന്നുണ്ട് .

| തിയ്യതി | പേര് | തുക |
|---|---|---|
| 24.6.15 | നസ്റുദ്ദീൻ | 9000 |

| | | |
|---|---|---|
| 23.3.18 | സുൽഫി | 5000 |
| 14.3.19 | ഹംസ | 1000 |

Vi).Election Deposit ഇനത്തിൽ 75000 രൂപ തനതുഫണ്ടിലേക്ക് മുതൽക്കൂട്ടാതെ അവശേഷിക്കുന്നുണ്ട്.

Vii).Rent Deposit ൽ 2019-20 മുതലുള്ള Deposit അവശേഷിക്കുന്നുണ്ട്.

| തിയ്യതി | പേര് | തുക |
|---|---|---|
| 12.11.19 | ഷൗക്കത്ത് | 450000 |
| 12.11.19 | ഷൗക്കത്ത് | 400000 |
| 12.11.19 | കാർത്യായനി | 50000 |
| 12.11.19 | അബൂബക്കർ | 50000 |
| 12.11.19 | സക്കീർ | 500000 |
| 12.11.19 | സക്കീർ | 500000 |
| 12.11.19 | സക്കീർ | 61500 |
| 12.11.19 | ഷൗക്കത്ത് | 40000 |
| 12.11.19 | ഷൗക്കത്ത് | 450000 |
| 12.11.19 | ഷൗക്കത്ത് | 44982 |
| 12.11.19 | ഷൗക്കത്ത് | 44625 |

Viii)Contractors Security Deposit ൽ 2019-20 ലുള്ള 12100 രൂപയുടെ Deposit അവശേഷിക്കുന്നുണ്ട്.

| തിയ്യതി | പേര് | തുക |
|---|---|---|
| 3.8.19 | സന്ദീപ് | 12100 |

കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടി വിവരം അറിയിക്കേണ്ടതാണ്.

## 1-35 വിതരണം ചെയ്ത സ്കോളർഷിപ്പ് തുക ഗുണഭോക്താവിന്റെ അക്കൗണ്ടിൽ ക്രഡിറ്റ് ആയില്ല

ഭിന്നശേഷിക്കാരുടെ വിദ്യാഭ്യാസത്തിനെ പ്രോത്സാഹിപ്പിക്കൽ , ഭിന്നശേഷിക്കാരുടെ കഴിവുകൾ വർദ്ധിപ്പിക്കൽ എന്നിവയ്ക്കായി 40 ശതമാനത്തിനു മുകളിൽ വൈകല്യമുള്ളവർക്കും പുതുപ്പാടി പഞ്ചായത്തിലെ സ്ഥിരം താമസക്കാരായവർക്കും സ്കൂളിൽ പോകുന്ന / മാനസിക വെല്ലുവിളി നേരിടുന്നവർക്കും സ്കോളർഷിപ്പ് അനുവദിച്ചിട്ടുണ്ട്. ഭിന്നശേഷി സ്കോളർഷിപ്പിനായി തൻവർഷം ഗ്രാമപഞ്ചായത്ത് 34,98,005 രൂപ ചെലവഴിച്ചിട്ടുണ്ട്. ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്കാണ് തുക ട്രാൻസ്ഫർ ചെയ്തത്. സ്കോളർഷിപ്പ് വിതരണം ചെയ്തത് സാംഖ്യ വെബിൽ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഒരു ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് വിതരണം ചെയ്ത സ്കോളർഷിപ്പ് തുക ക്രഡിറ്റ് ആയിട്ടില്ല എന്ന് കണ്ടു .

പ്രോജക്ടിന്റെ വിശദാംശം ചുവടെ ചേർക്കുന്നു .

| | |
|---|---|
| പ്രോജക്ട് നമ്പർ | 183/23 |
| പ്രോജക്ട് | ഭിന്നശേഷി സ്കോളർഷിപ്പ് |
| വകയിരുത്തിയത് | 37,26,550 |
| ചെലവ് | 34,98,005 |

ഡേ കെയർ സെന്ററിൽ പോകുന്ന മാനസിക വെല്ലുവിളി നേരിടുന്ന ശ്രീ ഷൻഫീറിന് അർഹമായ 24000/-രൂപ ചുവടെ ചേർക്കും പ്രകാരമാണ് വിതരണം ചെയ്തത് .

| ട്രഷറി ബിൽ നമ്പർ, തിയ്യതി | തുക | സ്കോളർഷിപ്പ് ക്രഡിറ്റ് ആവാത്ത ഗുണഭോക്താവിന്റെ പേര് | ബില്ലിൽ ഉൾപ്പെട്ട തുക |
|---|---|---|---|
| 221701520153008358O6, 28.11.22 | 1192200 | Shanfeer | 6000 |
| 22170152015300927601, 13.12.22 | 596100 | Shanfeer | 3000 |
| 22170152015301054305, 16.01.23 | 448900 | Shanfeer | 12000 |
| 22170152015301197579 , 14.02.23 | 371455 | Shanfeer | 3000 |
| | | ആകെ | 24000 |

സ്കോളർഷിപ്പ് വിതരണം ചെയ്തത് സാംഖ്യ വെബിൽ പരിശോധിച്ചത് പ്രകാരം മേൽ പ്രകാരമുള്ള 24000/- രൂപ “ Returned To Government Account " എന്നാണ് കാണുന്നത് . വിതരണം ചെയ്ത തുക ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് ക്രഡിറ്റ് ആയോ എന്ന് നിർവ്വഹണോദ്യോഗസ്ഥൻ പരിശോധിച്ച് ഉറപ്പ് വരുത്താത്തതിന് വിശദീകരണം ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (10/തി 11.08.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ഗവൺമെന്റിൽ നിന്നും തുക തിരികെ ഈടാക്കി ഗുണഭോക്താവിന് കൈമാറുകയോ നഷ്ടപ്പെട്ട സ്കോളർഷിപ്പ് തുക തുടർവർഷങ്ങളിലെ ആനുകൂല്യത്തോടൊപ്പം ഗുണഭോക്താവിന് കൈമാറുകയോ ചെയ്ത്

തുടർനടപടിയുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-36 സംയുക്ത പ്രോജക്ടുകൾക്കായുള്ള ഫണ്ട് ചെലവഴിക്കാതെ പഞ്ചായത്ത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നു.

സംയുക്ത പ്രോജക്ടുകൾക്കായുള്ള ബ്ലോക്ക് - ജില്ലാപഞ്ചായത്ത്, മുനിസിപ്പാലിറ്റി, ഗ്രാമപഞ്ചായത്ത് വിഹിതങ്ങളിൽ ബാലൻസ് ഷീറ്റ് B4 ഷെഡ്യൂൾ പ്രകാരം ചുവടെ ചേർക്കും പ്രകാരം നീക്കിയിരിപ്പുണ്ട്. ഇവ പൂർണ്ണമായി ചെലവഴിക്കാതെ പഞ്ചായത്ത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നു.

| ഇനം | തുക |
|---|---|
| Contribution For Joint Venture Projects<br>(For Capital Expenditure)-From Block Panchayaths | 55436 |
| Contribution For Joint Venture Projects<br>(For Revenue Expenditure)-From Block Panchayaths | 453918 |
| Contribution For Joint Venture Projects<br>(For Revenue Expenditure)-From District Panchayaths | 606945 |
| ആകെ | 1116299 |

സംയുക്ത പ്രോജക്ടുകൾക്ക് വേണ്ടി ലഭിച്ച തുകകളിൽ ചെലവഴിക്കാതെ അവശേഷിക്കുന്നവ തിരികെ കൺസോളിഡേറ്റഡ് ഫണ്ടിലടവാക്കി വിവരം അറിയിക്കേണ്ടതാണ്.

1-37 പിരിച്ചെടുത്ത ഗുണഭോക്തൃവിഹിതം മുഴുവനായും വിനിയോഗിച്ചില്ല

വിവിധ നിർവ്വഹണോദ്യോഗസ്ഥർ പിരിച്ചെടുത്ത ഗുണഭോക്തൃവിഹിതത്തിൽ മുൻവർഷം അവശേഷിക്കുന്ന 14,450 /-രൂപ ഉൾപ്പടെ 4,02,815 /- രൂപയുടെ ഗുണഭോക്തൃവിഹിതം തൻവർഷവും പൂർണ്ണമായും വിനിയോഗിച്ചില്ല .

| നിർവ്വഹണം | വർഷം | വരവ് | ചെലവ് | ബാക്കി |
|---|---|---|---|---|
| | 22-23 | 3,68,065 | 1,38,275 | 2,29,790 |
| വെറ്ററിനറി സർജൻ | 22-23 | 38,400 | 0 | 38,400 |
| വി.ഇ.ഒ | 22-23 | 27,500 | 0 | 27,500 |
| കൃഷി ഓഫീസർ | 22-23 | 92,675 | 0 | 92,675 |
| ആകെ | | | | 4,02,815 |

ചെലവഴിക്കാതെ അവശേഷിക്കുന്ന തുകകൾ ക്രമീകരിച്ച് വിവരം അറിയിക്കേണ്ടതാണ് .

1-38 പൂരകപോഷകാഹാരം Food Products ന് തുക നൽകിയപ്പോൾ സ്രോതസ്സിൽ നിന്നും ടി.ഡി.എസ് കുറവ് ചെയ്തില്ല .

6 മാസം മുതൽ 3 വയസ്സ് വരെയുള്ള കുട്ടികളുടെ ആരോഗ്യ പോഷണ നിലവാരം മെച്ചപ്പെടുത്തുക, 3 വയസ്സു മുതൽ 6 വയസ്സ് വരെയുള്ള കുട്ടികൾക്ക് പ്രീ - സ്കൂൾ വിദ്യാഭ്യാസത്തോടൊപ്പം പോഷകാഹാരം ഉറപ്പ് വരുത്തുക, ഗർഭിണികൾ, പാലൂട്ടുന്ന അമ്മമാർ, കൗമാരപ്രായക്കാരായ പെൺകുട്ടികൾ എന്നിവർക്ക് പോഷാകാഹാരം വിതരണം ചെയ്യുക എന്നിവയ്ക്കായി തൻവർഷം പോഷകാഹാര വിതരണം ജനറൽ, പോഷകാഹാര വിതരണം എസ്.സി, പോഷകാഹാര വിതരണം എസ്.ടി എന്നിങ്ങനെയുള്ള പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട് .

അങ്കണവാടികളിൽ വരുന്ന കുട്ടികൾക്കുള്ള പോഷകാഹാര വിതരണത്തിനായി SYNERGIA എന്ന സ്ഥാപനത്തിൽ നിന്നുമാണ് അമൃതം ന്യൂട്രിമിക്സ് വാങ്ങിയത്. പോഷകാഹാര വിതരണത്തിൽ ഉൾപ്പെട്ട ന്യൂട്രിമിക്സിന്റെ ചെലവിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

പ്രോജക്ട് നമ്പർ 44
പ്രോജക്ട് പോഷകാഹാര വിതരണം – ജനറൽ
വകയിരുത്തിയത് – 55,38,740/-
ചെലവ് – 51,38,740/-

| Sl No | Invoice No | തുക | CGST@ 2.5% | SGST 2.5% | ന്യൂട്രിമിക്സിന് അനുവദിച്ച തുക | ഈടാക്കേണ്ട ജി.എസ്.ടി .ടി.ഡി.എസ് @2% | തുക/ ബിൽ സാങ്ഷൻ നമ്പർ/ |
|---|---|---|---|---|---|---|---|
| I | 8/ 15.12.21 | 23205 | 611 | 611 | 24427 | 464 | 422491 26/20.5.22. |
| | 12/ 27.01.22 | 101655 | 2675 | 2675 | 107005 | 2033 | |
| | 17/ 20.4.22 | 125336 | 3298 | 3298 | 131932 | 2507 | |
| | 15/ 14.3.22 | 151171 | 3978 | 3978 | 159127 | 3023 | |
| | | | | | | | |
| II | 36/ 06.10.22 | 108850 | 2721 | 2721 | 114292 | 2177 | 180/28.10.22 118879 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | | |
| III | 47 ,12.01.23 | 98280 | 2457 | 2457 | 103194 | 1966 | 296/16.1.23<br>196025 |
| | 45,19.12.22 | 88189 | 2321 | 2321 | 92831 | 1764 | |
| | | | | | | | |
| 2.പ്രോജക്ട് നമ്പർ 43<br>പ്രോജക്ട് പോഷകാഹാര വിതരണം എസ്.ടി<br>വകയിരുത്തിയത് - 50,000/-<br>ചെലവ് 50,000/- | | | | | | | |
| 1 | ----- | 47132 | 1240 | 1240 | 49612 | 943 | 233 /<br>28.11.22 |
| | | | | | | | |
| 3.പ്രോജക്ട് നമ്പർ 41<br>പ്രോജക്ട് പോഷകാഹാര വിതരണം എസ്.സി<br>വകയിരുത്തിയത് 5,70,280/-<br>ചെലവ് 5,68,276/- | | | | | | | |
| I | 26,10.8.22 | 95200 | 2380 | 2380 | 99960 | 1904 | 108 /<br>27.08.22<br>103972 |
| | | | | | | | |
| II | 24,21.7.22 | 45501 | 1137 | 1137 | 47775 | 910 | 121.1.09.22<br>49692 |
| III | 29,3.9.22 | 105701 | 2642 | 2642 | 110985 | 2114 | 150,28.9.22<br>115439 |
| IV | 39.7.11.22 | 57400 | 1435 | 1435 | 60270 | 1148 | 232,28.11.22<br>60270 |
| | | | | | | | |
| V | 55,23.2.23 | 90301 | 2527 | 2527 | 94815 | 1806 | 412,20.3.22 |
| | 57,10.3.23 | 90301 | 2527 | 2527 | 94815 | 1806 | 218076/- |
| ആകെ | | | | | | 24,565 | |

CGST Act,2017 ലെ സെക്ഷൻ 5(1) വിതരണത്തിന്റെ ആകെ മൂല്യം 2.5ലക്ഷം രൂപയിൽ അധികരിക്കുന്ന സാധനങ്ങളുടെയോ, സേവനങ്ങളുടെയോ രണ്ടിന്റേയുമോ കരാറുകളിലെ കരാറുകാരുടെ ബില്ലുകളിൽ നിന്നും സ്രോതസ്സിൽ നിന്നും ഒരു ശതമാനം കുറവു ചെയ്യേണ്ടതാണ്. SGST Act 2017 ലെ സെക്ഷൻ 5(1) ലും സമാന വ്യവസ്ഥയുണ്ട്. ആയതിനാൽ CGST,SGST ഇനത്തിൽ ഒരു ശതമാനം വീതം (ആകെ 2 ശതമാനം വീതം ) ഈടാക്കാൻ വ്യവസ്ഥയുണ്ട് .

പോഷകാഹാര വിതരണം ജനറൽ, എസ്.സി, എസ്.ടി പ്രോജക്ടുകളിലായി തൻവർഷം SYNERGIA Food Products ന് ആകെ 12,95,247 രൂപ നൽകിയിട്ടുണ്ട് . മേൽ സ്ഥാപനത്തിന് തുക നൽകിയപ്പോൾ ശ്രോതസ്സിൽ നിന്നും ടി.ഡി.എസ് കുറവ് ചെയ്യാത്തതിന് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. സ്ഥാപനത്തിൽ നിന്നും ടി.ഡി.എസ് ഈടാക്കിയതിന്റെ വിശദാംശം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

1-39 കുടുംബശ്രീ കണക്കുകളുടെ പരിശോധന സംബന്ധിച്ച അപാകതകൾ

പുതുപ്പാടി ഗ്രാമപഞ്ചായത്തിന്റെ 2022- 23 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി പുതുപ്പാടി കുടുംബശ്രീയുടെ കണക്കുകൾ പരിശോധിക്കുകയുണ്ടായി. ഇതുമായി ബന്ധപ്പെട്ട് ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. കുടുംബശ്രീയുടെ മെമ്പർ സെക്രട്ടറി ആയ അസിസ്റ്റന്റ് സെക്രട്ടറി കഴിഞ്ഞ മൂന്നുമാസത്തോളമായി കണക്കുകൾ പരിശോധിച്ചതായി കാണുന്നില്ല.

2. പലവിധത്തിലുള്ള തിരിച്ചടവുകൾ പണമായിത്തന്നെ കുടുംബശ്രീ സ്വീകരിച്ച് ബാങ്കിൽ അടക്കാതെ ദിവസങ്ങളോളം കയ്യിൽ തന്നെ സൂക്ഷിക്കുന്നു.

3. ക്യാഷ് ബുക്ക് എല്ലാ മാസവും ക്ലോസ് ചെയ്തു Reconcile ചെയ്യുന്നില്ല.

4.KAASS ന്റെ 2021- 22 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ച പല അപാകതകളും പിന്നീട് ആരും തന്നെ പരിശോധിച്ചതായി കാണുന്നില്ല.

അപാകതകൾക്ക് അസിസ്റ്റന്റ് സെക്രട്ടറി വിശദീകരണം നൽകേണ്ടതാണ്.

## ഭാഗം -2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

2-1 വിസ്തീർണ്ണത്തിനനുസൃതമായി വസതുനികുതി ഈടാക്കിയില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജും) ചട്ടങ്ങൾ നിലവിൽ വന്നതിനാൽ തറവിസ്തീർണം അടിസ്ഥാനമാക്കിയാണ് വസ്തുനികുതി കണക്കാക്കുന്നത്.

പഞ്ചായത്തിലെ 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 40 രൂപ നിരക്കിലും 100 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 50 രൂപ നിരക്കിലുമാണ് നികുതി നിശ്ചയിച്ചിരിക്കുന്നത്.

2011 ന് ശേഷം, നിർമ്മാണം പൂർത്തിയായതും തറ വിസ്തീർണം (Plinth Area) അടിസ്ഥാനമാക്കി നികുതി നിർണയിച്ചതുമായ താഴെ പറയുന്ന, 100 ച.മീ യിൽ കൂടുതൽ വിസ്തീർണമുള്ള കെട്ടിടങ്ങളെ, 100

ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിലാണ് സഞ്ചയയിൽ നികുതി കണക്കാക്കിയത്. ഇതുമൂലം പഞ്ചായത്തിനു ലഭിക്കേണ്ട നികുതി വരവിൽ നഷ്ടം സംഭവിച്ചു.

| | |
|---|---|
| വാർഡ് നമ്പർ | 6 |
| കെട്ടിട നമ്പർ | 804 A,B,C,D |
| കെട്ടിടമുടമയുടെ പേരും വിലാസവും (സഞ്ചയ പ്രകാരം) | ഷംസാദ് ഹുസൈൻ, പുതിയവളപ്പിൽ, അടിവാരം, പുതുപ്പാടി-673586 |
| നികുതി പ്രാബല്യത്തിൽ വന്ന വർഷം | 2022ആദ്യ അർദ്ധ വാർഷികം |

തറ വിസ്തീർണം: 156.72 ച.മീ

കെട്ടിടം സ്ഥിതി ചെയ്യുന്ന മേഖല: പ്രഥമം

| ബാധകമാക്കിയ നികുതി നിരക്ക്-40 രൂപ ഈടാക്കുന്ന നികുതി (ഇളവുകളും വർദ്ധനവും അടക്കം) | ബാധകമാക്കേണ്ട നികുതി നിരക്ക്- 50രൂപ ഈടാക്കേണ്ട നികുതി (ഇളവുകളും വർദ്ധനവും അടക്കം) | നഷ്ടം |
|---|---|---|
| 156.72x40= 6269<br>6269 + 1254 = 7523<br>7523 + 377 = 7900/-<br>{അടിസ്ഥാന നികുതി+ വഴി സൗകര്യം വർദ്ധനവ്: 5 മീറ്ററോ അതിൽ കൂടുതൽ 20%}+ ലൈബ്രറി സെസ് 5% | 156.72x50= 7836<br>7836 + 1568 = 9404<br>9404 + 471 = 9875/-<br>{അടിസ്ഥാന നികുതി+വഴി സൗകര്യം വർദ്ധനവ്: 5 മീറ്ററോ അതിൽ കൂടുതൽ 20%}+ ലൈബ്രറി സെസ് 5% | 2022-23<br>9875 - 7900 = 1975/-<br>(1881 BT+ 94 LC) |
| ആകെ | | 1975/-രൂപ |

1975/- രൂപയിൽ പഞ്ചായത്തിനുണ്ടായ നഷ്ടം – 1881/- രൂപ

നികുതി തെറ്റായി നിർണ്ണയിച്ചത് മൂലം പഞ്ചായത്തിനു ലഭിക്കേണ്ട നികുതി വരവിൽ വലിയ നഷ്ടം സംഭവിച്ചു കൊണ്ടിരിക്കുന്നു. മേൽ കെട്ടിടം സ്ഥലപരിശോധന നടത്തി നികുതി പുനർനിർണ്ണയിക്കേണ്ടതും നികുതി വരവിൽ കുറവ് വന്ന തുക കെട്ടിട ഉടമസ്ഥനിൽ നിന്ന് ഈടാക്കി രേഖകൾ സഹിതം ഓഡിറ്റിന് ഹജരാക്കേണ്ടതുമാണ്. അല്ലാത്ത പക്ഷം വസ്തുനികുതി ഇനത്തിൽ പഞ്ചായത്ത് ഫണ്ടിന് നഷ്ടം വന്ന തുക ബന്ധപ്പെട്ട വർഷങ്ങളിൽ ചുമതല വഹിച്ച ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കുന്നതിന് സർച്ചാർജ്ജ് നടപടികൾക്ക് ശുപാർശ ചെയ്യുന്നതായിരിക്കും.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2022-23 | 07-08-2023 മുതൽ 14-08-2023 വരെ | ഇതേ നമ്പർ ഓഡിറ്റ് റിപ്പോർട്ടിനോടൊപ്പം പുറപ്പെടുവിച്ചു |

### 4-2 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 100000 | ഫാം ടൂറിസം | 61600 | 0 |
| | 2022-23 | 150000 | നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി | 150000 | 0 |

| | | | | | |
|---|---|---|---|---|---|
| | 2022-23 | 1200000 | കർഷകർക്ക് പാലിന് സബ്സിഡി | 1200000 | 0 |
| | 2022-23 | 2800000 | ലൈഫ് മിഷൻ-ജനറൽ | 500000 | |
| | 2022-23 | 1500000 | ലൈഫ് മിഷൻ-എസ്.സി | 1100000 | |
| | 2022-23 | 680000 | ലൈഫ് മിഷൻ-എസ്.സി(SO) | 525000 | |
| | 2022-23 | 1400000 | ലൈഫ് മിഷൻ-എസ്.ടി | 50000 | 0 |
| | 2022-23 | 1200000 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 1200000 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 1000000 | ലൈഫ് മിഷൻ-എസ്.ടി | 240000 | 0 |
| | 2022-23 | 6500000 | ലൈഫ് മിഷൻ-എസ്.സി | 5315400 | |
| | 2022-23 | 350000 | ലൈഫ് മിഷൻ-എസ്.സി(SO) | 340000 | |
| | 2022-23 | 600000 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 371455 | 0 |
| | 2022-23 | 400000 | കറവപ്പശുക്കൾക്ക് കാലിത്തീറ്റ | 400000 | 0 |
| | 2022-23 | 4000000 | ലൈഫ് മിഷൻ-ജനറൽ | 500000 | |
| | 2022-23 | 1300000 | മിൽക്ക് ഇൻസെന്റീവ് | 1300000 | |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ സാങ്ഷൻ നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| പൊതുമരാമത്ത് വകുപ്പ് | ജി.എം.യു.പി. സ്കൂളിലേക്ക് സി.സി.ടി.വി.ക്യാമറ | 5/23.2.2023 | 100000 | 87742 | 12258 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | തൻവർഷം എടുത്ത വായ്പ | വർഷാരംഭത്തിൽ തിരിച്ച ടയ്ക്കാൻ ബാക്കിയുണ്ടായി രുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | സ.ഉ.27/19/ ത.സ്വ.ഭ.വ തീയ്യതി 22/2/2019 | 0 | 86,96,000 | 34,34,685 | 0 | 52,61,315 |
| കാരുണ്യ ഭവന പദ്ധതി | 7656/ഡിബി.1/ 14/ത.സ്വ.ഭ.വ തീയ്യതി 14/08/2014 | | 42,81,135 | 0 | | 42,81,135 |

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2020-21<br>2019-20 | 1-13<br>1-14 | 5000 | സജി ജോസ് | 1220202694/31.10.22 |

| | | | | |
|---|---|---|---|---|
| 2020-21<br>2019-20 | 1-13<br>1-14 | 5000 | മനോജ്. എം | 1220202819/31.10.22 |
| 2019-20 | 1-14 | 2500 | അനൂപ്.കെ | 1220203122/31.10.22 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2000-01 | 46 | 2003-04 | 11.13.2.6 | വ്യവസായ എസ്റ്റേറ്റുകൾ പ്രയോജനപ്പെട്ടില്ല | തടസ്സം തുടരുന്നു |
| 2001-02 | | 2004-05 | 11.1.3.6 | നികുതി പിരിവിൽ അലംഭാവം | ഒഴിവാക്കാൻ ശുപാർശ |
| 2015-16 | 2-14 | 2016-17 | 4.2.1 | പുറമ്പോക്കുകൾ – സംരക്ഷണവുമായി ബന്ധപ്പെട്ട് | തടസ്സം തുടരുന്നു |
| 2015-16 | 2-7 | 2016-17 | അനുബന്ധം5 | തൊഴിൽ നികുതി - അപാകതകൾ | തടസ്സം തുടരുന്നു |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 7,17,44,589 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 9,75,35,683 |
| വരവിനങ്ങളിലുള്ള നഷ്ടം | 1,881 |

| | |
|---|---|
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 14,93,406 |

പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 1881 | - | ശ്രീ. സുരേഷ് കുമാർ കെ, സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 105315 | ശ്രീ. മുഹമ്മദ് കെ. കെ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-17 | 25200 | ശ്രീ. മുഹമ്മദ് കെ. കെ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-18 | 884858 | ശ്രീ. മുഹമ്മദ് കെ. കെ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-19 | 478033 | ശ്രീ. മുഹമ്മദ് കെ. കെ, അസിസ്റ്റന്റ് എഞ്ചിനീയർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക 2-1 ലൈബ്രറി സെസ്-94

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. മുഹമ്മദ് കെ. കെ, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, പുതുപ്പാടി ഗ്രാമപഞ്ചായത്ത് | കരുവച്ചാലിൽ (H), കള്ളൻതോട്, എൻ.ഐ.ടി പി. ഒ – 673601 |
| ശ്രീ. സുരേഷ് കുമാർ കെ, സെക്രട്ടറി | സെക്രട്ടറി, കൂടരഞ്ഞി ഗ്രാമപഞ്ചായത്ത് | കിഴക്കയിൽ (H), കുന്ദമംഗലം പി. ഒ. ചെത്തുകടവ് - 673571 |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | ഖണ്ഡികകളുടെ വിശദാംശങ്ങൾ |
|---|---|---|---|
| 2002-03 | എൽ.എഫ്.കെ.കെ.ഡി.പി1/1911/ 12/ 11.02.13 | 4 | 3-1, 3-6, 3-8, 3-9 |
| 2004-05 | കെ.എസ്.എ.കെ.കെ.ഡി.പി2/ 810(2)/2022 തിയ്യതി-22.09.22 | 1 | 3-11 |
| 2007-08 | കെ.എസ്.എ.കെ.കെ.ഡി.പി.2/ 1194(2)/2022 തീ-22.09.22 | 4 | 3-1, 3-2,3-24, 3-27, |
| 2008-09 | കെ.എസ്.എ.കെ.കെ.ഡി.പി.2/ 1194(3)/2022 തീ-22.09.22 | 3 | 2-2,3-13,3-20 |
| 2009-10 | കെ.എസ്.എ.കെ.കെ.ഡി.പി.2/ 810/2022 തീ-22.09.22 | 1 | 4-3 |
| 2011-12 & 2012-13 | കെ.എസ്.എ.കെ.കെ.ഡി.പി8/ 810(7)/22 തി-22.09.2022 | 8 | 2-1(3,4),3-10, 3-15,3-19,3-21, 3-22,3-23 |
| 2013-14 & 2014-15 | കെ.എസ്.എ.കെ.കെ.ഡി.പി2/ 1471(2)/22/തി-22.09.22 | 2 | 3-16,3-17 |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി.പി.2/ | 10 | 2-5,2-7,2-11, 2-12, |

| | | | |
|---|---|---|---|
| | 1471(3)/22 തിയ്യതി-23.09.22 | | 2-14, 3-5, 3-11, 3-14, 3-25,3-26 |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി. പി2/1194(5)/22/ 20.09.22 | 6 | 2-2, 2-3(2),2-4,2-5, 3-3,3-5 |
| 2017-18 | കെ.എസ്.എ.കെ.കെ.ഡി. പി2/1194(6)/22/ 23.09.22 | 6 | 2-2(2),2-4(2),3-8, 3-10,3-11(1),3-12 |
| 2018-19 | കെ.എസ്.എ.കെ.കെ.ഡി. പി2/1194(7)/22/ 23.09.22 | 18 | 1-9(3-എ.സി.ഡി) 1-10,1-15(1,2,4), 1-18,1-19,1-23, 1-25,1-26, 1-28,1-29,1-30, 1-31,1-33,1-36 |
| 2019-20 | കെ.എസ്.എ.കെ.കെ.ഡി. പി2/1922/2022/ 17.05.23 | 18 | 1-1-1,1-1-2, 1-1-3, 1-2-1(2,3,11,12), 1-4-1,1-5,1-9,1-10,1-11, 1-12,1-13,1-14, 1-15, 1-16,1-17, 1-18,1-19,3-1 |
| 2020-21 | കെ.എസ്.എ.കെ.കെ.ഡി. പി2/1923/2022/ 01.06.23 | 17 | 1-1-1, 1-1-3,1-2-1(2,3,4), 1-4-1,1-9,1-10,1-11,1-12, 1-13(1,2,3), 1-15, 1-17, 1-18,1-19,1-21,1-22,1-23, 1-24 |
| 2021-22 | കെ.എസ്.എ.കെ.കെ.ഡി. പി2/2270/2022/2022/ 01.06.23 | 51 | 1-1 മുതൽ 1-34 വരെ, 2-1,2-2,3-1,3-2,4-1 മുതൽ 4-11 വരെ |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം,കോഴിക്കോട്

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 222 dated 24-06-2023 and submitted on 14-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Puthuppadi Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Puthuppadi Grama Panchayat for the year 2022-2023

Date: 05/10/2023

Deputy Director
District Office Kozhikode
Kerala State Audit Department

## Audit Report appended to the Audit Certificate of Puthuppadi Grama Panchayat for the Year 2022-2023.

**1.Major Observations**

Mandatory financial statements -relating to ratios ,prescribed in accounting rules are not submitted .

**2.Other Observations**

1.Demand register of Rent does not match with Financial Statements

2.Demand register of Prfession tax -institutions ,Employees and traders does not match with Financial Statements

3.Demand register of Licence Fees,Other taxes not match with Financial Statements

4.Not providing adequate provision for daubtful debts.

5.Cashflow statement -Net increase in cash /decrease in cashflow does not match with the difference between the opening balance and closing balance of cash and cash equivalents

6.Closing of Stores Register are not reliable for audit
7.Deposit Registers are not maintained properly
8.In the Account SBI -Epayment "Directly Debited by bank andÂÂ further action not taken .

Deputy Director,
District Audit Office, Kozhikode

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ പുതുപ്പാടി ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്